# e താൾ ethal

**DIGITAL MAGAZINE-2023-24**




ഗവ ഡി വി എച്ച് എസ് എസ്, ചാരമംഗലം

മായിത്തറ പി ഒ, ചേർത്തല ,ആലപ്പുഴ-688539



# സന്ദേശം

പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ച ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായാണ് ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബ് രൂപം കൊണ്ടത് . ഇതുവഴി നൂതന സാങ്കേതിക വിദ്യാ ഉപകരണങ്ങൾ പഠനപ്രവർത്തനങ്ങൾക്ക് എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള പരിശീലനം കുട്ടികൾക്ക് ലഭിച്ചു .

അതിവേഗം പുരോഗമിക്കുന്ന ഡിജിറ്റൽ സാങ്കേതികവിദ്യ വളരെ എളുപ്പത്തിലും കാര്യക്ഷമമായും കൈകാര്യം ചെയ്യാൻ ലിറ്റിൽ കൈറ്റ്സ് വഴി സാധിക്കുന്നു . 2023- 24 വർഷത്തിൽ ലിറ്റിൽകൈറ്റ്സിന്റെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് . ഭിന്നശേഷിക്കാർക്കും അമ്മമാർക്കും ഉള്ള പരിശീലനം, ടെക് ഇവന്റ് വിസിറ്റ് , ഡിജിറ്റൽ മാഗസിൻ എന്നിവ എടുത്തു പറയേണ്ട പ്രവർത്തനങ്ങളാണ് . ഇത്തരം വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുമായി ഈ സ്കൂളിനെ മുൻനിരയിൽ നിലനിർത്താൻ ലിറ്റിൽകൈറ്റ്സ് ക്ലബ് അംഗങ്ങൾക്കും അതിന് നേതൃത്വം നൽകുന്ന അധ്യാപകർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു .

**രശ്മി കെ**
**പ്രിൻസിപ്പാൾ**
**ഗവ.ഡി വി എച്ച് എസ് എസ്    ചാരമംഗലം**



# സന്ദേശം

ഒരുപാട് സാധ്യതകൾ നിറഞ്ഞതാണ് വളർന്നുവരുന്ന ഈ ഡിജിറ്റൽ യുഗം . വിവരങ്ങൾ കൈമാറുന്നതിലും പ്രക്ഷേപണം ചെയ്യുന്നതിലും എല്ലാം ഡിജിറ്റൽ മീഡിയ ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട് .ഡിജിറ്റൽ പ്രസിദ്ധീകരണങ്ങളുടെ സമാഹാരമായ ഡിജിറ്റൽ മാഗസിനുകൾ പുത്തൻ സാധ്യതകളുടെ പതിപ്പുകളാണ് .ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2023-24 വർഷത്തേക്ക് തയ്യാറാക്കിയ e-താൾ എന്ന ഈ മാഗസിൻ നാളെയുടെ മുതൽക്കൂട്ടാകും എന്നതിൽ സംശയമില്ല . സർഗ്ഗവാസനകളെ കണ്ടെത്തുകയും ഉയർത്തിക്കൊണ്ടു വരികയും ചെയ്യുന്നതോടൊപ്പം ഡിജിറ്റൽ സാധ്യതകളെ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താനും ഇതിലൂടെ സാധിക്കുന്നുണ്ട് .

ഇത്തരം ഒരു മാഗസിൻ നിർമ്മിക്കുന്നതിന് പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ.ഒരുപാട് പ്രതിഭകളെ സൃഷ്ടിക്കാനും അവർക്ക് ഒരുപാട് ഉയരങ്ങൾ കീഴടക്കാനുംഈയൊരു മാഗസിൻ വേദിയാകട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു

നിഖില ശശി
ഹെഡ്മിസ്ട്രസ്
ഗവ.ഡി വി എച്ച് എസ് എസ്   ചാരമംഗലം



# സന്ദേശം

സാങ്കേതിക രംഗത്തെ വിവിധ മേഖലകളിലുള്ള അടിസ്ഥാന നൈപുണികൾ പരിചയപ്പെടാൻ അവസരം നൽകി , പ്രസ്തുത സങ്കേതങ്ങൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ പരിശ്രമിച്ചു കൊണ്ടിരിക്കുന്ന ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ ഭാഗമായി ഗവ ഡി വി എച്ച് എസ് എസ് ചാരമംഗലം സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർഥികൾ അവരുടെ പഠന പ്രവർത്തനത്തിന്റെ ഭാഗമായി തയ്യാറാക്കുന്ന , സ്കൂളിന്റെ സർഗ്ഗവാസനകളെ ഡിജിറ്റലായി രേഖപ്പെടുത്തുന്ന ഇ-താൾ എന്ന മാഗസിന് എല്ലാ വിധ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു

അക്ബർ പി
പി റ്റി എ പ്രസിഡന്റ്
ഗവ ഡി വി എച്ച് എസ് എസ്, ചാരമംഗലം

# എഡിറ്റോറിയൽ ബോർഡ്





അമൽ ഡോമിനിക്ക്

ഭവ്യ കൃഷ്ണ റ്റി എസ്





പ്രാൺജിത്ത് പി

അമൃത രജീഷ്





ഷാജി പി ജെ
കൈറ്റ് മാസ്റ്റർ

വിജുപ്രിയ വി എസ്
കൈറ്റ് മിസ്ട്രസ്

# ഉൾപേജുകൾ




സ്കൂൾ -പരിണാമത്തിന്റെ വഴികളിൽ 07

Little kites Pages 11

ദേശീയോദ്ഗ്രഥനം നേരിടുന്ന വെല്ലുവിളികൾ 16

Tech World-Abbreviation 20

ഭിന്നശേഷിയെ തിരിച്ചറിയുക കൂടെ നിർത്തുക 21

കലാം വചനങ്ങൾ 23

സമ്മാനം 26

സൗഹൃദം സാഹോദര്യം 28

Marvell 31

യന്ത്ര പക്ഷികളുടെ മുരളൽ 32

വിശപ്പിന്റെ വിളി 33

A jungle Day 34

ഗാന്ധി സൂക്തങ്ങൾ 35

സ്കൂൾ കൗൺസിലിംഗിന്റെ പ്രാധാന്യം 40


വര-വർണ്ണങ്ങളുടെ കൈയ്യൊപ്പ് 42













# ഗവ. ഡി വി എച്ച് എസ് എസ്, ചാരമംഗലം



## പരിണാമത്തിന്റെ വഴികളിൽ

ആലപ്പുഴ ജില്ലയിലെ ചേർത്തല വിദ്യാഭ്യാസ ജില്ലയിൽ ചേർത്തല ഉപജില്ലയിലെ ചാരമംഗലം അഥവാ കൂറ്റുവേലി എന്ന സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് ഗവ ഡി വി എച്ച് എസ് എസ് ചാരമംഗലം. ഗവ ഡി വി ഹയർസെക്കൻഡറി സ്കൂളിലെ പഠന പഠനേതര മേഖലകളിൽ ഉണ്ടായ കുതിപ്പും വളർച്ചയും നാടിനും സമൂഹത്തിനും മുതൽക്കൂട്ട് ആവുകയാണ്. അക്കാദമിക-വൈജ്ഞാനിക രംഗത്തെ മുന്നേറ്റങ്ങൾ, ദേശീയ കായിക ഭൂപടത്തിലെ മികവുകൾ എന്നിവ നമ്മുടെ സ്കൂളിനെ തിളക്കമുള്ളതാക്കുന്നു. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ വിദ്യാലയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുകയാണ്, നല്ല പൗരന്മാരെ വാർത്തെടുക്കുന്നതിൽ പൊതു വിദ്യാലയങ്ങൾക്ക് അനുപമമായ പങ്കുണ്ട്. ഈ ഉയർച്ചക്ക് നേതൃത്വം വഹിക്കുന്നത് ദീർഘവീക്ഷണമുള്ള ഭരണ സംവിധാനവും അർപ്പണ ബോധമുള്ള അധ്യാപകരും ആത്മാർത്ഥതയുള്ള പി.റ്റി. എ യും ആണ്. ഗുണനിലവാരമുള്ള

റവന്യൂ ജില്ല

ആലപ്പുഴ

വിദ്യാഭ്യാസ ജില്ല

ചേർത്തല

പ്രധാന അദ്ധ്യാപിക

നിഖിലാ ശശി

പി റ്റി എ പ്രസിഡന്റ്

അക് ബർ പി

എം പി റ്റി എ പ്രസിഡന്റ്

സംഗീത

വിദ്യാഭ്യാസമെന്നാൽ അക്കാദമിക പ്രവർത്തനങ്ങൾ മാത്രമല്ല, കുട്ടികളുടെ സർഗ്ഗവാസനകളെയും കായിക മികവുകളെയും പരിപോഷിപ്പിക്കുന്നതാകണം. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലെ വേറിട്ട കാഴ്ചപ്പാടുകൾ തികച്ചും ഗ്രാമീണമേഖലയിൽ സ്ഥിതിചെയ്യുന്ന, സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന, കാർഷിക സംസ്കൃതിയുള്ള ഈ ജൈവ സ്കൂളിനെ മറ്റ് വിദ്യാലയങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നു .2021-22 വർഷത്തെ മികച്ച പി റ്റി എക്കുള്ള സംസ്ഥാന പുരസ്കാരത്തിൽ മൂന്നാം സ്ഥാനം. ഗവ. ഡി വി എച്ച്എസ്എസ് , ചാരമംഗലം സ്കൂൾ ഏറ്റുവാങ്ങി. 3 ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം,.പൊതു വിദ്യാഭ്യാസ വകുപ്പിനു വേണ്ടി കൈറ്റ് തയ്യാറാക്കിയ ഓൺലൈൻ വിജ്ഞാനകോശമായ സ്കൂൾ വിക്കിയിലെ പങ്കാളിത്ത രൂപത്തിലുള്ള വിവരശേഖരണ മികവിനുള്ള അംഗീകാരമായി ,2021-22 ലെ സംസ്ഥാനതല ശബരീഷ് സ്മാരക സ്കൂൾ വിക്കി അപ്ഡേഷൻ മത്സരത്തിൽ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി കൊണ്ട് ഗവ. ഡി.വി എച്ച് എസ് ചാരമംഗലം ജില്ലക്ക് അഭിമാനമായി മാറിയിരിക്കുന്നു . സംസ്ഥാന അദ്ധ്യാപക പുരസ്കാരം കരസ്ഥമാക്കിയ പ്രഥമാധ്യാപകൻ ശ്രീ റ്റി ജി സുരേഷ് , കായികാദ്ധ്യാപകൻ ശ്രീ പ്രതാപൻ ,ഡി വി എച്ച് എസ് എസ്സിന്റെ ഒളിമ്പ്യൻ ശ്രീ. കെ. ജെ. മനോജ് ലാൽ- എന്നിവർ ഈ സ്കൂളിന്റെ അഭിമാന സ്തംഭങ്ങളാണ് .നമ്മുടെ വിദ്യാലയത്തിന്റെ വളർച്ച ഒരു തുടർച്ചയാണ് .പല മേഖലകളിൽ നിരവധി പുരസ്ക്കാരങ്ങൾ ഈ സ്കൂളിനെ തേടിയെത്തിയിട്ടുണ്ട്. എത്രയോ മഹാരഥന്മാർ ചോരയും നീരും നൽകി വെള്ളവും വളവും നൽകി പടുത്തുയർത്തിയ മഹാ സ്ഥാപനം. അദ്ധ്യാപകർ, രക്ഷിതാക്കൾ, അനദ്ധ്യാപകർ, പി.ടി എ ഭാരവാഹികൾ, സാമൂഹ്യ പ്രവർത്തകർ , പൂർവ്വ - വിദ്യാർഥികൾ , നല്ലവരായ നാട്ടുകാർ



എല്ലാവരും ഈ ചങ്ങലയിലെ കണ്ണികളാണ്....'' എല്ലാവരേയും നന്ദിയോടെ സ്മരിക്കുന്നു.

ഗവൺമെന്റ് ദുർഗാ വിലാസിനി ഹയർ സെക്കന്ററി സ്കൂൾ (Govt: D.V.H.S.S), ചേർത്തല ആലപ്പുഴ നാഷണൽ ഹൈവേയിൽ തിരുവിഴ കവലയിൽ നിന്നും കിഴക്കോട്ട് 1 കിലോമീറ്റർ ഉള്ളിലായാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് .കഞ്ഞിക്കുഴി ഗ്രാമ



പഞ്ചായത്തിലെ ഏക ഹയർ സെക്കന്ററി സ്കൂളാണിത്. ഈ പ്രദേശത്താകെ അക്ഷരവെളിച്ചം നൽകിയ ഈ സ്കൂൾ, കായികരംഗം ഉൾപ്പടെ വിവിധമേഖലകളിൽ പ്രശസ്തരായി തീർന്ന നിരവധി പ്രതിഭകളെ സംഭാവനചെയ്തിട്ടുണ്ട്. തികച്ചും ഗ്രാമീണമായ ഒരന്തരീക്ഷത്തിൽ അനേകം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായ നേട്ടം കൈവരിയ്ക്കുവാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ കൂടുതലായി പഠിയ്ക്കുന്ന ഈ സ്കൂളിൽ തുടർച്ചയായ



പരിശീലനത്തിലൂടെ കുട്ടികളുടെ പഠന നിലവാരം ഉയർത്തി എസ്. എസ്. എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടുവാൻ ഈ സ്കൂളിന്



കഴിയുന്നുണ്ട്.

കൂറ്റുവേലി ക്ഷേത്രത്തിൽ കൂറ്റു വേലി ഭഗവതിയെ സ്നേഹത്തോടെയും ആദരവോടെയും വേലി കെട്ടി സംരക്ഷിച്ചിരുന്നതിന് അതിന്റെ ആദരവ് കാണിക്കുന്നതിനായി 'കൂറു വേലി, എന്നറിയപ്പെട്ടു. പ്രാദേശിക ഭാഷയുടെ സ്പർശനത്താൽ കൂറ്റുവേലി എന്ന നാമത്തിന് വഴിമാറി. കൂറ്റുവേലി യുടെ ചരിത്രത്തെ വിളിച്ചോതുന്ന കൂറ്റുവേലി പ്രദേശവാസികളുടെ ഹൈന്ദവ ആരാധനാലയമായ കൂറ്റുവേലി ക്ഷേത്രത്തിലാണ്.കൂറ്റുവേലി ശ്രീ ദുർഗ്ഗാ ദേവി ക്ഷേത്രം എന്നാണ് ഇതിന്റെ പൂർണ്ണനാമം. ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് വടക്കൻ പ്രദേശങ്ങളിലെ ആക്രമണങ്ങളിൽ നിന്ന് രക്ഷനേടാനായി ബ്രാഹ്മണനും ഭഗവതിയും കൂറ്റുവേലി യുടെ സമീപപ്രദേശമായ മായത്തറ (ഇന്നത്തെ മായിത്തറ) എന്ന സ്ഥലത്തെത്തി. കാലക്രമേണ അവർ കൂറു വേലിയിലെത്തി. (ബ്രാഹ്മണ നോടൊപ്പം വടക്കൻ പ്രദേശങ്ങളിൽ നിന്നും കൊണ്ടുവന്ന വിഗ്രഹത്തെ ആണ് ഇവിടെ ഭഗവതിയായി സൂചിപ്പിക്കുന്നത്). പിന്നീട് പ്രദേശവാസികൾ ഭഗവതിയെ കൂറ്റുവേലി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു. ആദ്യകാലങ്ങളിൽ ആനമറുത യായിരുന്നു ഇവിടത്തെ പ്രധാന പ്രതിഷ്ഠ. കാലക്രമേണ സമുദായസംഘടനകളും ക്ഷേത്ര ഭാരവാഹികളും ചേർന്ന് ക്ഷേത്രത്തെ ഉയർത്തിക്കൊണ്ടുവന്നു ക്ഷേത്രത്തിന്റെ നടത്തിപ്പിനായി കാലായ്ക്കൽ കുടുംബം മേലെ കുടുംബം വടക്കേടത്ത് കുടുംബം തുടങ്ങിയ കുടുംബങ്ങൾ നേതൃത്വം ഏറ്റെടുത്തു. ക്രമാനുഗതമായി ഉത്സവങ്ങളും അവർ നടത്തി.

1917ൽ വടക്കേടത്തു മഠത്തിൽ ശ്രീ രാമകർത്താവ് ആരംഭിച്ച ദുർഗാ വിലാസം എൽ പി സ്കൂൾ പിന്നിട് സർക്കാറിനു കൈമാറുകയും തുടർന്ന് അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി എന്നീ നിലകളിലേയ്ക്ക് പടിപടിയായി ഉയർന്നു. 1979ൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ടി.കെ, പളനിയുടെ നേതൃത്വത്തിൽ രൂപികരിച്ച അപ്ഗ്രേഡിങ്ങ് കമ്മറ്റി ഈ വിദ്യാലയത്തെ അപ്പർ പ്രൈമറി സ്കൂളായി ഉയർത്തുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇതിനായി മൂന്നേക്കർ സ്ഥലവും കെട്ടിടവും നിർമ്മിച്ച് ക്ലാസുകൾ ആരംഭിച്ചു. ഹൈസ്ക്കൂളുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ ആരംഭിക്കുന്നതിനുള്ള സർക്കാർ തീരുമാനം ആയിടയ്ക്കുണ്ടായി, ശ്രമകരമെങ്കിലും ഈ അവസരം ഉപയോഗിയ്ക്കുവാൻ ശ്രീ ടി.കെ, പളനി (കൺവീനർ), വടക്കേടത്ത് ശ്രീ വിശ്വനാഥകർത്താവ് (സെക്രട്ടറി), കമലാലയത്തിൽ ശ്രീ ദാമോദരൻ നായർ (ഖജാൻജി) എന്നിവർ ഉൾപ്പെട്ട അപ്ഗ്രേഡിങ്ങ് കമ്മറ്റി തീരുമാനിച്ചു. അന്നത്തെ എം. എൽ. എ. ആയിരുന്ന ശ്രീ ഏ. വി. താമരാക്ഷൻ ഉൾപ്പടെ നിരവധി സുമനസ്സുകളുടെ സഹായത്തോടെ ആ വർഷം തന്നെ ഹൈസ്കൂൾ ആരംഭിയ്ക്കുവാനും കഴിഞ്ഞു. 1998ൽ ഈ സ്കൂൾ ഹയർ സെക്കന്ററി സ്കൂൾ ആയി ഉയർത്തി ഉത്തരവായി.

2019-20 കേരള സർക്കാറിന്റെ 3 കോടി കിഫ്ബി ഫണ്ടും ബഹുമാന്യനായ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി പി.തിലോത്തമൻ അവർകളുടെ ആസ്തി വികസനഫണ്ടിൽ നിന്നും 1 കോടിയും ലഭിച്ചതോടെ ചാരമംഗലം ഗവ. ഡി.വി.എച്ച്.എസ്.എസ്സും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക്ഉയർന്നത് നന്ദിയോടെ സ്മരിക്കുന്നു. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ 19 മുറികളുള്ള 2 കെട്ടിട സമുച്ചയമാണ് ഈ തുക ഉപയോഗിച്ച് നിർമ്മിച്ചത്. ഇതിൽ ഭിന്ന ശേഷിക്കാർക്ക് ഉൾപ്പെടെ ഉപയോഗിക്കാൻ പാകത്തിലുള്ള ഗുണനിലവാരമുള്ള ടോയ് ലറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട് .2020 ഒക്ടോബർ 3 ന് ബഹു. വിദ്യാഭ്യാസ മന്ത്രി ശ്രീ. സി. രവീന്ദ്രനാഥ് അവർകളുടെ അധ്യക്ഷതയിൽ ബഹു. മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ഓൺലൈനായി ഉദ് ഘാടനം നിർവ്വഹിച്ചു.

കഞ്ഞിക്കുഴി പഞ്ചായത്ത് റർബൻ മിഷൻ പദ്ധതിയിൽപെടുത്തി ഒരു കോടി രൂപ മുടക്കി 8 ക്ലാസ് മുറികളുള്ള ഇരുനില കെട്ടിടം പണിതു.ഷീറ്റിട്ടതും ,മോശവും ,പഴയതുമായ കെട്ടിടങ്ങൾ മാറ്റി പുതിയ കെട്ടിടം നിർമ്മിക്കാൻ പി.റ്റി.എ പ്രസിഡൻറ് ശ്രീ പി. അക്ബർ കൂടി അംഗമായിരുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയായിരുന്നു. സ്കൂളിൻെറ പ്രവർത്തന മികവിനുള്ള അംഗീകാരമായിരുന്നു ഈ സമ്മാനം.കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത് റർബൻ മിഷൻ പദ്ധതിയിൽ നിന്നും ഒരു കോടി രൂപ ചെലവഴിച്ചു നിർമിച്ച ബഹുനില കെട്ടിടത്തിന്റെ ഉദ്ഘാടനം ബഹു വിദ്യാഭ്യാസ മന്ത്രി ശ്രീ വി ശിവൻകുട്ടി അവർകൾ നിർവഹിച്ചു വേദിയും സദസ്സും നിറഞ്ഞ പ്രൗഢ ഗംഭീരമായ ചടങ്ങിന്റെ അധ്യക്ഷ സ്ഥാനം അലങ്കരിച്ചതു ചേർത്തലയുടെ സ്വന്തം എം എൽ എ യും നാടിന്റെ പ്രിയപ്പെട്ട കൃഷി മന്ത്രിയും ആയ ശ്രീ പി പ്രസാദ് അവർകളാണ്.

അന്താരാഷ്ട്ര നിലവാരവും പ്രാദേശിക പ്രസക്തവുമായ പ്രീസ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് വർണ്ണക്കൂടാരം. ഇതിനായി പ്രീപ്രൈമറി കുട്ടികളുടെ വികാസ മേഖലകളിൽ കഴിവ് ഉറപ്പാക്കാൻ പര്യാപ്തമായ ആക്ടിവിറ്റി ഏരിയകൾ സജ്ജീകരിക്കുന്നതിനായി 10 ലക്ഷം രൂപ വീതം നൽകും. സ്കൂൾ കെട്ടിടത്തിന് പുറത്തും അനുഭവ ഇടങ്ങൾ രൂപപ്പെടുത്തുകയെന്നതാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.കുട്ടികളുടെ കലാപ്രകടനങ്ങൾക്കുള്ള ആവിഷ്കാരയിടം, കരകൗശലയിടം, ശാസ്ത്രാനുഭവങ്ങൾക്കുള്ള ഇടം, വായനയ്ക്കും എഴുത്തിലേക്കും പ്രചോദിപ്പിക്കുന്ന



ഭാഷാവികസന ഇടം, വർണയിടം , ഗണിതയിടം എന്നിങ്ങനെ വികാസമേഖലകൾക്കും പഞ്ചേന്ദ്രീയാനുഭവങ്ങൾക്കും പ്രാധാന്യം നൽകുന്ന രീതിയിൽ 13 പ്രവർത്തന ഇടങ്ങളാണ് വർണ്ണക്കൂടാരം പദ്ധതിയിൽ സജ്ജീകരിക്കുന്നത്.27/06/2023ൽ സ്റ്റാർസ് പദ്ധതി പ്രകാരം എസ് എസ് കെ ആലപ്പുഴGovt DVHSS ചാരമംഗലത്ത് അനുവദിച്ച പത്തുലക്ഷം രൂപയുടെ വർണ്ണ കൂടാരത്തിന്റെ ഉദ്ഘാടനം ബഹുമാനപ്പെട്ട എം പി A M ആരിഫ് നിർവഹിച്ചു

# *Little kites Pages*




LK BATCH 2023-26



LK BATCH 20223-25

# Little kites Activities



റോബോട്ടിക്സ് പ്രവർത്തനം



ലിറ്റിൽകൈറ്റ്സ് ക്ലാസ്



പോസ്റ്റർ രചനാ മത്സരം



ഡിജിറ്റൽ പൂക്കള മത്സരം



ഭിന്നശേഷികാർക്കുള്ള കമ്പ്യൂട്ടർ പരിശീലനത്തിൽ



സ്കൂൾ വിക്കി അപ്ഡേഷൻ



സ്കൂൾ ഐറ്റി കോർണർ ഡിസ്പ്ലേ



ചിൽഡ്രൻസ് ഫിലിം ഫെസ്റ്റ്



ഡിജിറ്റൽ മാഗസിൻ നിർമ്മാണത്തിൽ



അമ്മമാർക്കുള്ള ബോധവൽക്കരണ ക്ലാസ്



ExpEYE പരിശീലന ക്ലാസ്



ഏക ദിന ക്യാമ്പ്

# Littlekites Poster Designs


























GOVT.DVHSS.CHARAMAGALAM
ANEMIA SCREENING


GOVT DVHSS CHARAMANGALAM
വായനാദിനാചരണം
2023-24


KNOWLEDGE
INNOVATION
TECHNOLOGY
FREEDOM FEST 2023
12-15 Aug,Thiruvananthapuram


FREEDOM
FEST 2023
12-15 AUGUST ,THIRUVANANTHAPURAM
KNOWLEDGE
INNOVATION
TECHNOLOGY


GOVT D.V.H.S.S CHARAMANGALAM
Adharikkal


GOVT. D.V.H.S.S CHARAMANGALAM
WORLD ENVIONMENT DAY


GOVT .D.V.H.S.S.CHARAMANGALAM
SELF DEFENCE CLASS


SPORTS DAY 2023

# ദേശീയോദ്ഗ്രഥനം നേരിടുന്ന വെല്ലുവിളികൾ



നിരഞ്ജന കൃഷ്ണ യു 9B

നമ്മുടെ രാജ്യത്തോടുള്ള കടപ്പാട് എല്ലാവരുടേയും മനസ്സിൽ എന്നും മാറാതെ നിലകൊള്ളുന്ന ഒരു വികാരമാണ്.നമ്മുടെ രാജ്യം ഇന്ത്യ(ഭാരതം) എന്നു പറയുമ്പോൾ തന്നെ എപ്പോഴും ഒരു പുളകമാണ്. ഞാൻ ഒരു 'ഭാരതീയ'നാണ് എന്നു ശിരസ്സുയർത്തി പറയുന്ന ഓരോ ഭാരതീയന്റെ ഉള്ളിലും അഭിമാനവും, അതോടൊപ്പം സന്തോഷവും അലതല്ലും എന്നതതിൽ സംശയമില്ല. ഇതിനേറ്റവും വലിയ ഉദാഹരണമാണ് ക്രിക്കറ്റ് ലോകകപ്പ്. ഇന്ത്യയുടെ ഓരോ വിജയവും ജനങ്ങൾ തന്റെ ജയമാക്കി കണക്കാക്കുന്നു. അവർ തങ്ങളുടെ സന്തോഷം ജാതി, മത, വർണ്ണ, വർഗ്ഗ വിവേചനങ്ങളില്ലാതെ ഒറ്റക്കെട്ടായി ആഘോഷിക്കുന്നു. അതിനേക്കാൾ ഉപരിയായി 'നാനാത്വത്തിൽ ഏകത്വം' എന്ന ചിന്ത എല്ലാ ഭാരതമനസ്സുകളേയും കീഴടക്കി അവയിൽ അഭിമാനിതമാക്കാൻ പഠിപ്പിച്ചു. ഭാരതമാണ് ഔദ്യോഗികമായി ഒരു മതമില്ലാത്ത രാജ്യം. പാകിസ്ഥാൻ, സൗദി, ഇറാൻ തുടങ്ങിയ ഇസ്ലാമിക രാജ്യങ്ങൾക്ക് മുമ്പിലും ഇറ്റലി, ജർമ്മനി, ബ്രസീൽ, വത്തിക്കാൻ, അമേരിക്ക, മെക്സിക്കോ തുടങ്ങിയ ക്രൈസ്തവ രാഷ്ട്രങ്ങൾക്ക് മുൻപിലും 'ഇന്ത്യ' തന്റെ പ്രൗഢിയിലഭിമാനിച്ച് കൊണ്ട് 140 കോടി ജനങ്ങളിലെ വിവിധ മതങ്ങളേയും ഒറ്റക്കട്ടായി ഉയർത്തിപ്പിടിച്ച് നാനാത്വത്തിൽ ഏകത്വത്തിന്റെ മൂല്യം മനസ്സിലാക്കി ഐക്യത്തോടെ ദേശിയോദ്ഗ്രഥനം കൈവരിച്ചതിലൂടെ ലോകത്തിൽ ഏവർക്കും പ്രചോദനമായി മാറി എന്നതിൽ തർക്കമില്ല. കൃഷ്ണനേയും അള്ളാഹുവിനേയും, കർത്താവിനേയും ഒരേ കണ്ണിൽ വീക്ഷിക്കുന്ന ഒരു സമൂഹത്തെ പടുത്തുയുർത്തി എന്നതിൽ നാം ഓരോർത്തർക്കും അഭിമാനിക്കാം. എന്നിരുന്നാലും ദേശിയോദ്ഗ്രഥനം ധാരാളം വെല്ലുവിളികൾ നേരിടുന്നു.

<u>എന്താണ് ദേശിയോദ്ഗ്രഥനം ?</u>

ദേശീയതയിൽ നിന്നാണ് ദേശിയോദ്ഗ്രഥനം ഉദ്ഭവിക്കുന്നത്. ദേശം മുഴുവൻ ഐക്യത്തോടെ നിലനിൽക്കുമ്പോൾ അവർ തങ്ങളുടെ സ്വാർത്ഥതയ്ക്ക് വേണ്ടി ദേശത്തെ ചൂഷണം ചെയ്യാതെ അതിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി പ്രയത്നിക്കുമ്പോൾ മതതീവ്രവാദമില്ലാത്ത, അയിത്തമില്ലാത്ത, ജന്മിത്വവും, ഫ്യൂഡലിസവുമില്ലാത്ത, വർണ്ണവിവേചനമില്ലാത്ത, ലിംഗാസമത്വങ്ങളില്ലാതെ നിലകൊള്ളുമ്പോൾ അത്തരത്തിലുള്ള ഒരു രാജ്യത്തിന് ദേശീയതയും ദേശീയ ബോധവുമുണ്ടന്നുള്ള തിരിച്ചറിവുണ്ടാകും. ഇത്തരത്തിലുള്ള ദേശീയ ഐക്യം ഉയർന്നുവരുമ്പോഴാണ് നാം അതിനെ ദേശിയോദ്ഗ്രഥനം എന്നു വിശേഷിപ്പിക്കുന്നത്. മറ്റുരാജ്യങ്ങളിലേതുപോലെ വളരെ എളുപ്പമല്ല നമ്മുടെ ഇന്ത്യയിലിതു സാക്ഷാത്കരിക്കാൻ .കാരണം, ഇന്ത്യയിലെ ജനസംഖ്യയും വൈവിധ്യവും വേഷഭൂഷകളിൽ തുടങ്ങി ഭാഷകളിൽ വരെ എല്ലാം വിഭിന്നമായ ഇന്ത്യയിലാണ് നാം ജീവിക്കുന്നത്. ഇത്തരത്തിൽ ദേശിയോദ്ഗ്രഥനം നേരിടുന്ന വെല്ലുവിളികൾ ധാരാളമാണ്.

<u>വെല്ലുവിളികൾ</u>

ഇന്നത്തെ ദേശിയോദ്ഗ്രഥനം ധാരാളം വെല്ലുവിളികൾ നേരിടുന്നുണ്ട്.

അതിൽ ഏറ്റവും പ്രധാനമുള്ളവയാണ് :-
മതതീവ്രവാദം, വിഘടനവാദം, അസമത്വം, ഭാഷാരീതിയിലുള്ള വിവേചനം, വേഷധാരണരീതി, ഭാഷാശൈലി, ജാതിവ്യവസ്ഥ, വർണ്ണവിവേചനം

1, മതതീവ്രവാദം

ഇന്ത്യയിൽ എറ്റവും ശക്തമായി അലയടിച്ചുകൊണ്ടിരുന്ന ഒരു പ്രശ്നമായിരുന്നു മതതീവ്രവാദം. തന്റെ മതത്തിന്റെ ഉയർച്ചയ്ക്ക് വേണ്ടി മറ്റു മതങ്ങളെ ഇല്ലാതാക്കാൻ വേണ്ടി പ്രവർത്തിച്ചിരുന്ന ധാരാളം തീവ്രവാദ സംഘടനകൾ നമ്മുടെ രാജ്യത്തുടനീളമുണ്ടായിരുന്നു. ഇസ്ലാമികരും ഹിന്ദുക്കളുമായിരുന്നു പണ്ടു കാലങ്ങളിൽ ഇന്ത്യയിലുണ്ടായിരുന്നത്. ഇവർ തമ്മിൽ ധാരാളം യുദ്ധങ്ങളും കലാപങ്ങളും നടന്നിരുന്നെങ്കിലും ഒരുപാട് പേരുടെ പ്രവർത്തനഫലമായി എല്ലാം ശാന്തമാക്കപ്പെടുകയും സമാധനപരമായ രീതിയിൽ അവ മാറുകയും ചെയ്തു എങ്കിലും ഇന്ന് ചിലയിടങ്ങളിലെല്ലാം മതത്തിനുവേണ്ടി ചെറിയ ചെറിയ കലാപങ്ങൾ ഉണ്ടാകുന്നു. അതിലൊന്നാണ് കർണ്ണാടകയിലെ ഹിജാബിനുവേണ്ടി വിദ്യാർത്ഥികൾ നടത്തിയ സമരം. നമ്മുടെ രാജ്യത്ത് മതം എന്നത് വികാരമായി മാറിക്കൊണ്ടിരിക്കുന്നു. മറ്റൊരുദാഹരണം പറയുകയാണെങ്കിൽ മെയ് തെയ്യ് എന്ന ഗോത്രവിഭാഗവും, കുക്കി ഗോത്രവിഭാഗവും തമ്മിലുള്ള കലാപം. ഇത്തരം സംഭവങ്ങൾ 'മതം' എന്നതിലടിസ്ഥാനപ്പെട്ടിരിക്കുന്നു.

2, വിഘടനവാദം

സ്വന്തം രാജ്യത്തിന്റെ നിയമങ്ങൾ തെറ്റാണെന്നും തങ്ങൾക്ക് ഇത്തരം രാജ്യത്തിൽ നിൽക്കാൻ താൽപര്യമില്ലെന്നും, ഇവിടുത്തെ നിയമങ്ങൾ അനുസരിക്കയില്ലയെന്നും തങ്ങൾക്കായി ഒരു പുതിയ രാജ്യം വേണമെന്നും പറയുന്ന ഒരു സമൂഹമുണ്ടെങ്കിൽ അവരെ നാം വിഘടനവാദികൾ എന്നു വിളിക്കുന്നു. ഖാലിസ്ഥാൻ വിഘടനവാദികൾ തങ്ങൾക്ക് പുതിയ രാജ്യമാകണമെന്നാവശ്യപ്പെട്ടുകൊണ്ട് പല കലാപങ്ങളുണ്ടാക്കി സൂര്യക്ഷേത്രത്തിനുള്ളിൽ ഒളിഞ്ഞിരുന്നപ്പോൾ ഇത് രാജ്യത്തിനെതിരെന്നു മനസിലാക്കിയ അന്നത്തെ ഭരണാധികാരി സൈനികനടപടിയിലൂടെ അവരെ ഇല്ലായ്മ ചെയ്തു എങ്കിലും അവർ വിദ്വേഷത്താൽ ആ ഭരണാധികാരിയെ വകവരുത്തി. എങ്കിലും പിന്നീടുവന്ന പ്രധാനമന്ത്രിമാർ ഇവരെ എതുർക്കുന്നതിൽ പൂർണ്ണ പിന്തുണനൽകിക്കൊണ്ട് ഇവരെ പൂർണ്ണമായി ഇല്ലായ്മ ചെയ്തു. ഇതുപോലെ ജമ്മു കാശ്മീർ വിഘടനവാദവും, സിഘ് വാദവുമെല്ലാം ഇതിനുദാഹരണമാണ്.

3, അസമത്വം

അസമത്വം കൊടികുത്തി വാണിരുന്ന ഇന്ത്യയായിരുന്നു കുറച്ചു വർഷങ്ങൾക്കു മുൻപ് വരെ. ലിംഗാസമത്വമായിരുന്നു ഇതിൽ ഏറ്റവും പ്രധാനം. ആൺ പെൺ എന്ന പേരിൽ ഓരോ ജോലിക്ക് വ്യത്യസ്ത വേതനം നൽകിയും അതോടൊപ്പം ചില ജോലികളിൽ സ്ത്രീകളെ ഒഴുവാക്കുകയും ചെയ്തിരുന്നു. ഇതു കൂടാതെ കേരളത്തിൽ നിലനിന്നിരുന്ന ഒരു അനാചാരമായിരുന്നു അയിത്തവും, തൊട്ടുകൂടായ്മയും. കീഴാളൻമാരെന്നും ജന്മികളെന്നും പല കാഴ്ചപ്പാടുകളിൽ ഒരേ തെറ്റിന് പല ശിക്ഷ നടപ്പിലാക്കിയ കാലത്തുനിന്ന് നിയമത്തിൻ മുൻപിൽ എല്ലാവരും സമൻമാരാണെന്ന് പറഞ്ഞുകൊണ്ട് ഇവയ്ക്ക് ഒരറുതി വരുത്തി. ഇവകൂടാതെ വസ്ത്രവിവേചനവും

ഭാഷാരീതിയിലുള്ള വിവേചനവും നിലനിന്നിരുന്നു. കഴിഞ്ഞിടെ മണിപ്പൂരിൽ കണ്ട കാഴ്ച ഏവരേയും ദുഖഃത്തിലാഴ്ത്തുന്നതാണ്. മണിപ്പൂരിൽ ഒരു ദളിത് യുവതിയെ പൂർണ്ണ നഗ്നയാക്കി വഴിയിലൂടെ ഇഴച്ചുകൊണ്ടുപോയതും ജാതിയ അസമത്വത്തിന് ഉദാഹരണമാണ്. കേരളത്തിൽതന്നെ അരി മോഷ്ടിച്ചതിന് ഒരു ഗോത്രവിഭാഗത്തിലെ യുവാവായ മധുവിനെ അടിച്ചുകൊന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്.

4,ഭാഷാവിവേചനം

ഭാഷയുടെ പേരിൽ എത്രയെത്ര വിവേചനങ്ങൾ 28 സംസ്ഥാനങ്ങളിൽ തന്നെ എത്രയെത്ര ഭാഷകളാണ് സംസാരിക്കുന്നത്. അതിൽ കേരളത്തിൽ തന്നെ എത്ര ഭാഷാശൈലികളാണുള്ളത്. കാസർഗോഡിൽ നിന്ന് തിരുവനന്തപുരം വരെ 14 ജില്ലകളിലും പല ഭാഷാശൈലികളാണ് ഉപയോഗിക്കുന്നത്. അതുപോലെ തന്റെ ഭാഷയാണ് ഏറ്റവും ഉയർന്നതെന്ന കാഴ്ചപ്പാടുള്ള ഒരു ജനതയാണ് നമുക്ക് മുൻപിലുള്ളത്. ആയതിനാൽ പല പ്രശ്നങ്ങളുമുണ്ടാകുന്നു. വർണ്ണവ്യത്യാസമുള്ള ഒരു രാജ്യമാണ് ഇന്ത്യ. ആയതിനാൽ ഉഷ്ണമേഖല മുതൽ മിതോഷ്ണമേഖല വരെ നിവർന്നുകിടക്കുന്ന ഇന്ത്യയിൽ പല വർണ്ണങ്ങളിലാണ് ആളുകളുള്ളത്. എങ്കിലും എല്ലാവരും ഒരുമയോടെ കഴിഞ്ഞുപോരുന്നു.

പരിഹാരങ്ങൾ

നാം കൂടുതൽ ദേശീയബോധം വളർത്തുന്ന പ്രവർത്തനത്തിലൂടെ ദേശിയോദ്ഗ്രഥനം നേരിടുന്ന ഇത്തരം വെല്ലുവിളികളെ തകർക്കാൻ കഴിയും .അസമത്വചിന്തകൾക്ക് ഏറ്റവുമടിസ്ഥാനമായത് മതം തന്നെയാണ്. മതത്തിനുപകരം നമ്മുടെ രാജ്യമാണ് എന്റെ മതം. എന്റെ വീടാണ് എന്റെ രാജ്യമെന്ന കാഴ്ചപ്പാട് എല്ലാവരിലും വളർത്തിയെടുത്താൽ അവ കൂടുതൽ രാഷ്ട്രബോധം ശക്തിപ്പെടുത്താൻ സഹായിക്കുകയും എല്ലാവരും രാഷ്ട്രസ്നേഹികളാകുകയും ചെയ്യും. ദേശിയോദ്ഗ്രഥനം നാം കൈവരിക്കുന്നതി ലൂടെ നാം ഒറ്റക്കെട്ടാണെന്ന ധാരണ ഏവരിലുളവാക്കുകയും അത് ദേശീയ പുരോഗതിക്ക് കാരണമാകുകയും ചെയ്യുന്നു.

"രാഷ്ട്രം പുരോഗതി നേടണമെങ്കിൽ ദേശിയോദ്ഗ്രഥനം അത്യന്താപേക്ഷിതമാണ്. അതിനാൽ നമുക്കെല്ലാവർക്കും ദേശിയോദ്ഗ്രഥനത്തിനായി പ്രവർത്തിക്കാം."

- ഉപസംഹാരം

നമ്മുടെ ഇന്നത്തെ രാജ്യം പണ്ടു കാലത്തെ അപേക്ഷിച്ച് വളരെയേറെ മുൻപന്തിയിലെത്തിയിരിക്കുന്നു. എങ്കിലും പലരും ഇന്നും മതത്തിന്റെയും നിറത്തിന്റെയും ജാതിയുടേയും പേരും പറഞ്ഞ് പല കലാപങ്ങളുണ്ടാക്കുന്നു. ദേശീയബോധം വളർത്തുന്നതിനായി നാം പല മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. 'ഇന്ത്യ' എന്നു കേൾക്കുമ്പോൾ തന്നെ നാം ഓരോരുത്തരും അഭിമാനപൂരിതമാകേണ്ടതുണ്ട്. ഇത് ഉണ്ടാക്കിയെടുക്കേണ്ടത് ഈ രാജ്യത്തിലെ ഓരോ പൗരന്റെയും കടമയാണ്..

‘സർവ്വങ്ങളേക്കാളും വലുതാണ് രാജ്യം ’ എന്ന കാഴ്ചപ്പാട് നാം ഓരോരുത്തരിലും വളർത്തിയെടുക്കേണ്ടതുണ്ട്. അങ്ങനെ നാം വളർത്തുന്നതിലൂടെ നമ്മുടെ രാജ്യം പുരോഗതി കൈവരിക്കുന്നു. ഭാരതത്തലെ ഓരോ പൗരന്മാരും ‘നാനാത്വത്തിൽ ’ അധിഷ്ഠിതമായ തന്റെ രാജ്യത്തിൽ ബഹുസ്വരതയെ അംഗീകരിച്ചു ,സ്ത്രീ -പുരുഷ, ജാതി-മത,വർണ്ണ-വർഗ്ഗ -പ്രാദേശികചിന്തകൾക്കതീതമായി ഇന്ത്യാക്കാരെല്ലാവരും ഒന്നാണെന്ന കാഴ്ചപ്പാടോടെ ജീവിക്കുവാൻ പഠിക്കുകയാണെങ്കിൽ നാം ദേശീയബോധം കൈവരിച്ചു എന്നതിൽ നാം ഓരോരുത്തർക്കും സന്തോഷിക്കാം



# TECH WORLD ABBREVIATION



അമൽഡോമിനിക്ക് 9A

ATM. :Automated teller machine

CPU. : Central processing unit

CCTV. :Closed Circut Television

DVD. : Digital Versatile disk

DATA. : Discrete AnalogType Accumulated

DCIM. : Data Center Infrastructure Management

EMAIL. : Electronic mail

.com : Dot Commerical

GIF. : Graphics interchange Format

GPS. : Global Positioning System

HDMI. : High Definition Multimedia Interface

HTML. : Hypertext Markup language

HTTP. : Hypertext Transfer Protocol

HTTPS. : hypertext Transfer Protocol Secure

IP. : Internet Protocol

INTERNET: Inter Connected Network

IT. : Information Technology

JPEG. : Joint Photographic experts group

LED. : Light Emitting diode

MP4. : MPED-V AVC

MP3. : MPEG AUDIO LAYER3

OTP. : One Time Password

OTT. : Over the top

# ഭിന്നശേഷിയെ തിരിച്ചറിയുക -കൂടെ നിർത്തുക



നിഷ M
സ്പെഷ്യൽ ഇഡ്യൂക്കേഷൻ ടീച്ചർ

R P W D Act 2016 പ്രകാരം താഴെ പറയുന്ന 21 വിഭാഗങ്ങൾ ഭിന്നശേഷിയായി പരിഗണിക്കപ്പെടുന്നു. Blindness, Low vision, Leprosy cured, Dwarfism, Hearing impairment, Locomotor disability, Intellectual disability, mental illness, cerebral palsy, Autism spectrum disorder, muscular dystrophy, chronic neurological condition, specific learning disabilities, multiple sclerosis, speech and language disability, Thalassemia, Hemophilia, sickle cell disease, Acid attack victim, parkinson's disease, multiple disabilities including deaf blindness.

ഭിന്നശേഷിക്കാരെ ഒരിക്കലും ഒറ്റപ്പെടുത്തി മാറ്റി നിർത്തണ്ടവരല്ല; ചേർത്തു നിർത്തി സമൂഹത്തിന്റെ മുഖ്യധാരയിലേക്കെത്തിക്കുവാൻ നാമോരോരുത്തരും ബാധ്യസ്ഥരാണ്. അവരെ ഉൾച്ചേർക്കുക വഴി അവരുടെ മാനസിക, സാമൂഹിക വികാസം സാധ്യമാകും.

വിദ്യാഭ്യാസ കാര്യത്തിൽ താമസസ്ഥലത്തു നിന്നും ഒന്നു മുതൽ മൂന്നു കി. മി. വരെ അകലത്തിൽ പ്രാഥമിക, സെക്കണ്ടറി വിദ്യാഭ്യാസം ലഭ്യമാക്കേണ്ടതാണ്. പഠന പ്രവർത്തനങ്ങളിൽ ഓരോ കുട്ടിക്കും അനുയോജ്യമായ രീതിയിൽ അനുരൂപീകരണം നൽകേണ്ടതാണ്. പരീക്ഷ വ്യവസ്ഥകളിലും കുട്ടികൾക്ക് സഹായം നൽകി വരുന്നു.

ഭിന്നശേഷിക്കാരുടെ സർവ്വോത്മുഖമായ ഉന്നമനം ലക്ഷ്യമാക്കി സാമ്പത്തിക സഹായം, വിവിധ തെറാപ്പി സൗകര്യം എന്നിവയും നൽകി വരുന്നു. കൂടാതെ വിവിധ ശാരീരിക പരിമിതികളാൽ കിടപ്പിലായ കുട്ടികൾക്ക് ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നൽകി വരുന്നു.

ഭിന്നശേഷിക്കാരുടെ സമഗ്ര വികസനം സാധ്യമാകണമെങ്കിൽ നാമിനിയും ഒരുപാട് മുന്നോട്ട് പോവേണ്ടതുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം വഴി ഭിന്നശേഷിക്കാരെ ഒരു വരുമാന മാർഗ്ഗം അവരുടെ അഭിരുചിക്കനുസരിച്ച് കണ്ടെത്തി സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കും. Mild , moderate വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം പരിശീലനത്തിലൂടെ സ്വയം പര്യാപ്തതയിലേക്കെത്തിക്കാൻ ശ്രമിക്കാം. എന്നാൽ severe, profound വിഭാഗം കുട്ടികളെ സംബന്ധിച്ചിടത്തോളം രക്ഷിതാക്കളുടെ മനസ്സിലെ മായാത്ത ഒരു വേദനയാണ്, തങ്ങളുടെ കാലശേഷം ഇത്തരം കുട്ടികൾ എന്തു ചെയ്യും എന്നത്.

പഴയകാല കാഴ്ചപ്പാടുകളിൽ നിന്ന് സമൂഹം ഇന്ന് ഒരുപാട് മുന്നോട്ട് പോയിരിക്കുന്നു. വീടിന്റെ നാലു മൂലകളിൽ ഒതുങ്ങപ്പെടാതെ ഇന്ന് പൊതുസമൂഹത്തിലേക്ക് കൊണ്ടുവരാൻ എല്ലാവരും ശ്രദ്ധിക്കുന്നുണ്ട്. അവർക്കനുയോജ്യമായ ഒരു ലോകം കെട്ടിപ്പെടുക്കുവാൻ അവരുടെ കൈത്താങ്ങായി സമൂഹവും ഇന്ന് കൂടയുണ്ട്. വരും കാലങ്ങളിൽ എല്ലാത്തരത്തിലും അനുയോജ്യമായ ഒരു ഭിന്നശേഷി സൗഹൃദ ലോകത്തിനായി നമുക്ക് കാത്തിരിക്കാം....





# കലാം വചനങ്ങൾ

പ്രാൺജിത്ത് പി 9A

"വികാരപരമായി കറുപ്പ് ഒരു നല്ല നിറമല്ലായിരിക്കാം, എന്നാൽ ഓരോ ബ്ലാക്ക് ബോർഡുകളുമാണ് വിദ്യാർത്ഥികളുടെ ജീവിതം ശോഭനമാക്കുന്നത്"

"മതമെന്നത് മഹാന്മാർക്ക് സൗഹൃദം സമ്പാദിക്കാനുള്ള ഒരു മാർഗ്ഗമാണ്. എന്നാൽ അൽപന്മാർക്ക് അതൊരായുധവും"

"നിങ്ങൾ ചിറകുകളോട് ജനിച്ചവരാണ് .ഇഴയരുത് ചിറകുകൾ ഉപയോഗിക്കുക പറക്കാൻ പഠിക്കുക"

"ആദ്യവിജയം ഉത്തരവാദിത്വങ്ങളിൽ കൂട്ടുന്നു. രണ്ടാമത്തേത് പരാജയമായാൽ ആദ്യത്തേത് ഭാഗ്യത്തിന്റെ പിൻബലത്തിലാണെന്ന് പറയപ്പെടാം"



"കഴിവും കർമ്മശേഷിയുള്ള നല്ല മനുഷ്യരെ വാർത്തെടുക്കലാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം"

"പൊതുവേ പ്രശ്നങ്ങളെല്ലാം ഏതാണ്ട് ഒരേ പോലെയാണ്. എന്നാൽ അതിനെ സമീപിക്കുന്ന രീതി എന്തെന്നതിലാണ് വിജയത്തിന്റെ സാധ്യത "

"അഹംഭാവമെന്നത് കണ്ണിൽ പോയ കരടുപോലെയാണ്. അതെടുത്തു കളയുന്നതു വരെ നിങ്ങൾക്കൊന്നും ശരിയായി നോക്കി കാണാനാവില്ല"

"ജോലിയിൽ നിങ്ങൾക്കുള്ള വൈദഗ്ധ്യത്തേക്കാൾ  എത്രയോ പ്രധാന്യമുണ്ട് നിങ്ങൾക്കിതിൽ എത്രമാത്രം  അർപ്പണബോധം ഉണ്ടെന്നുള്ളതിന്"

"നിങ്ങളുടെ പങ്കില്ലാതെ നിങ്ങൾക്ക് വിജയിക്കാനാവില്ല. നിങ്ങളുടെ പങ്കോട് കൂടി നിങ്ങൾക്ക് തോൽക്കാനും"

"വിദ്യാഭ്യാസത്തിന്റെ യാഥാർത്ഥ ബോധവും ലക്ഷ്യവും തിരിച്ചറിഞ്ഞ്

ഓരോ മനുഷ്യനും മുന്നോട്ടു പോകുമ്പോഴാണ് ലോകം ജീവിതത്തിന് ഉപയുക്തമാകുന്നത്""

"ആരും സഞ്ചരിക്കാത്ത പാതകളിലൂടെ സഞ്ചരിക്കാനുള്ള ധൈര്യം,അസാധ്യമായവ കണ്ടെത്താനുള്ള ധൈര്യം, പ്രതിബന്ധങ്ങളെ കീഴടക്കി വിജയത്തിലെത്താനുള്ള ധൈര്യം എന്നിവ യുവാക്കൾക്ക് കൈമുതലായി വേണം"

"ശാസ്ത്രം എന്നത് മാനവികതക്ക് ലഭിച്ച ഏറ്റവും മഹത്തരമായ സമ്മാനമാണ് .അതിന്റെ ഉപയോഗം സമൂഹനന്മക്കു വേണ്ടി മാത്രമാവണം"

"നല്ലൊരധ്യാപകനായാണ് എന്നെ ജനം ഓർമിക്കുന്നതെങ്കിൽ അത് എനിക്കു കിട്ടുന്ന വലിയ ആദരവായി ഞാൻ കരുതും"

"ഉറക്കത്തിൽ നിങ്ങൾ കാണുന്നതല്ല സ്വപ്നം. നിങ്ങളെ ഉറങ്ങാൻ അനുവദിക്കാത്തതാണ് ശരിക്കുള്ള സ്വപ്നം"




"സന്തോഷങ്ങൾക്കൊപ്പം പ്രയാസങ്ങളേയും നേരിടേണ്ടിവരുന്ന സ്വാഭാവികമായ അവസ്ഥയിലാണ് ജീവിതം ആസ്വാദ്യകരമാവുന്നത്"

"സ്നേഹത്താൽ നിറഞ്ഞ ഒരു ഹൃദയവും മറ്റുള്ളവരെ കേൾക്കാൻ തയ്യാറുള്ള ഒരു കാതും മറ്റുള്ളവരെ സഹായിക്കാൻ തയ്യാറായുള്ള ഒരു കൈയ്യുമാവണം ഒരു വ്യക്തിയുടെ ഏറ്റവും ഉപകാരപ്രദമായ ആസ്തികൾ"


"എന്നെ സംബന്ധിച്ചിടത്തോളം ശാസ്ത്രമെന്നത് ആത്മ സാക്ഷാത് കാരത്തിന്റേയും ആത്മീയ സമ്പൂർണ്ണതയുടേയും മാർഗ്ഗമാണ്"

"ഏകാഗ്രതയും അർപ്പണ ബോധവും ഉണ്ടെങ്കിൽ മാത്രമേ ശരിയായ ലക്ഷ്യവും വിജയവും പ്രാപ്യമാവു"

"സ്വന്തം തെറ്റും മനസ്സിലാക്കി അത് സമ്മതിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യവും മറ്റുള്ളവരുടെ തെറ്റുകൾ കണ്ടുപിടിച്ച് പറഞ്ഞു

നടക്കുക എന്നത് ഏറെ എളുപ്പമുള്ള കാര്യവുമാണ്"

"നാളെയെക്കുറിച്ചുള്ള സങ്കല്പങ്ങൾ കരുതി വെക്കുന്നവരിൽ മാത്രമേ വിജയത്തിന്റെ സാധ്യത പ്രതീക്ഷിക്കാനാവു"




"സൂര്യനെപ്പോനെ എരിയാനാവുന്നവർക്കു മാത്രമേ സൂര്യപ്രഭാവത്തോടെ തിളങ്ങാനാവൂ"

"വിജയികളുടെ കഥകളിൽ നിന്ന് ഒരാവേശം മാത്രമേ ലഭിക്കു. പരാജിതരുടേതിൽ നിന്ന് വിജയത്തിലേക്കുള്ള ഊർജ്ജമാണ് ലഭിക്കുക"

"എല്ലാവരും ഒരുപോലെ കഴിവുള്ളവരാവില്ല എന്നാൽ കഴിവുകളെ വികസിപ്പിച്ചെടുക്കാനുള്ള സാധ്യതകൾ എല്ലാവർക്കു മുന്നിലും ഏറെക്കുറെ ഒരു പോലെയാണുള്ളത്"

"ഒരു രാജ്യം അഴിമതിമുക്തവും സുന്ദര ഹൃദയങ്ങളുടെ നാടും ആവുകയാണെങ്കിൽ അവിടെ മാറ്റം കൊണ്ടുവരാൻ കഴിയുന്ന പ്രാധാന സാമൂഹികാംഗങ്ങൾ അച്ഛൻ, അമ്മ, അധ്യാപകൻ എന്നിവരാണ്"

"സ്വപ്നങ്ങളും ലക്ഷ്യങ്ങളും മനുഷ്യന് തീർച്ചയായും ആവശ്യമാണ്. അതില്ലാതെ വരുന്നത് ഒരു കുറ്റമാണെന്ന് ഞാൻ പറയും"

"ജീവിതത്തിലേക്ക് ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും കടന്നുവരുന്നത് നിങ്ങളെ തകർക്കാനായിട്ടാണെന്ന രീതിയിൽ ചിന്തിക്കരുത്. ഉള്ളിലെ കഴിവുകളും പ്രതിരോധവുമെന്താണെന്ന് സ്വയം തിരിച്ചറിയിക്കാൻ വേണ്ടിയാവാം അത്"

"നമ്മുടെ വെറുമൊരു കയ്യൊപ്പ് ഒരു ഓട്ടോഗ്രാഫ് ആവുമ്പോൾ അറിയുക നമ്മൾ ജയിച്ചു"

# സമ്മാനം



ഹരികീർത്തന എസ് 9B

കണ്ണാടിയുടെ മുന്നിലിരുന്ന് ശ്രദ്ധാപൂർവ്വം മുടികെട്ടുകയാണ് അമ്മു. സ്കൂളിലേക്ക് പോകുവാനുള്ള ഒരുക്കത്തിലാണ്. കണ്ണുകൾ എഴുതി പൊട്ടുതൊട്ട് അങ്ങനെ സ്വന്തം മുഖസൗന്ദര്യം ആസ്വദിച്ചു നിൽക്കുമ്പോഴാണ് അമ്മയുടെ വിളിയെത്തിയത്. " എടീ അമ്മുവേ .... എന്തെടുക്കുകയാ? വേഗം പോകാൻ നോക്ക്. " തന്നെ യാത്രയാക്കിയിട്ട് വേണം അമ്മയ്ക്ക് ജോലിക്ക് പോകാൻ. വളരെ ദാരിദ്ര്യം നിറഞ്ഞ ജീവിതാവസ്ഥയായിരുന്നു അവളുടേത്. അച്ഛന്റെ മരണശേഷം വീട്ടുജോലിക്ക് പോയിട്ടാണ് അമ്മ അവളെ വളർത്തുന്നത്. അവളെ ഒരു നല്ല നിലയിൽ എത്തിക്കണം എന്ന സ്വപ്നം മാത്രമേ അമ്മയ്ക്കുള്ളൂ. അമ്മു സമർത്ഥയായ ഒരു കുട്ടിയാണ്. നന്നായി പഠിക്കും. ഭാവിയിൽ ആരാകണം എന്ന് ചോദിച്ചാൽ കൃത്യമായ ഒരു ഉത്തരം അവൾക്കില്ല. പക്ഷേ നന്നായി പഠിക്കുകയും അതിലൂടെ ലഭിക്കുന്ന ആനുകൂല്യത്തിൽ അമ്മയെ സംരക്ഷിക്കുകയും ചെയ്യുമെന്ന് അവൾക്ക് വിശ്വാസമുണ്ട്. അമ്മുവിന്റെ ഏറെ നാളത്തെ ആഗ്രഹമാണ് വീട്ടിൽ ഒരു പൂന്തോട്ടമുണ്ടാക്കുക എന്നത്. വെറുമൊരു പൂന്തോട്ടം പോരാ... ഒരു ശലഭ ഉദ്യാനം തന്നെ ആയിരിക്കണം. എപ്പോൾ നോക്കിയാലും മുറ്റമാകെ ശലഭങ്ങൾ വട്ടമിട്ടുപറക്കണം. എങ്ങനെയാണ് പൂന്തോട്ടം തയ്യാറാക്കുക? സ്കൂളിൽനിന്നും വരുന്നവഴി അവൾ മോളിയാന്റിയുടെ വീടിനു മുമ്പിൽ സംശയിച്ചുനിന്നു. അവളെ കണ്ടപാടെ അവർ അവളെ കൈകാട്ടി വിളിച്ചു. ഗേറ്റ് തുറന്ന് അകത്ത് കടന്ന് തന്റെ അഗ്രഹം അവൾ അവരെ അറിയിച്ചു. പക്ഷേ, അവളുടെ ആഗ്രഹത്തെ പറിച്ചെറിയുന്ന മറുപടിയാണ് അവൾക്ക് ലഭിച്ചത്. ഗാർഡനിൽ പോയി നല്ല ചെടികൾ വാങ്ങണം. അവയ്ക്ക് ആവശ്യമായ വളങ്ങൾ മാർക്കറ്റിൽ നിന്ന് വാങ്ങണം. പമ്പുസെറ്റ് വേണം. അങ്ങനെ... അങ്ങനെ. അതിനുള്ള സൗകര്യങ്ങൾ അവളുടെ വീട്ടിൽ ഉണ്ടായിരുന്നില്ല. എങ്കിലും ചില സുഹൃത്തുക്കൾ വഴി കുറച്ച് വിത്തുകളും കമ്പുകളും ശേഖരിച്ചു. അമ്മയുടെ സഹായത്തോടെ മുറ്റത്ത് പൂന്തോട്ടത്തിനായുള്ള നിലം ശരിയാക്കി അവനട്ടു. അമ്മ എന്നും വൈകുന്നേരം കുളത്തിൽനിന്നും വെള്ളം ശേഖരിച്ച് ഒഴിക്കും. അടുത്തുള്ള പറമ്പിൽനിന്നും ചാണകത്തിന്റെ അവശിഷ്ടങ്ങൾ കൊണ്ടുവന്ന് ഇട്ടുകൊടുക്കും. അങ്ങനെ ചെടികൾ വളരാൻ തുടങ്ങി. ഇപ്പോൾ അമ്മുനിന്റെ പ്രിയപ്പെട്ട കൂട്ടുകാർ അവരാണ്. എന്നും വൈകിട്ട് ചെടികളുടെ അടുത്ത് പോയിരിക്കും. അവരോട് സംസാരിക്കും. തന്റെ സന്തോഷങ്ങൾ, സ്വപ്നങ്ങൾ, പരിഭവങ്ങൾ അങ്ങനെ എല്ലാം. അവളുടെ നിശബ്ദകേഴ്വിക്കാരായി ചെടികളും. അങ്ങനെ അമ്മുവിന്റെ

പിറന്നാൾ ദിനം വന്നു. അമ്മയുമായി നാളെ രാവിലെ അമ്പലത്തിൽ പോകണം. അച്ഛനുണ്ടായിരുന്നപ്പോൾ അവളുടെ പിറന്നാൾ ഒരു ആഘോഷമായിരുന്നു. കുറേയേറെ പിറന്നാൾ സമ്മാനങ്ങൾ അവൾക്ക് ലഭിച്ചിരുന്നു. ഇപ്പോൾ ആരുമില്ല. മൊട്ടിടാൻ തുടങ്ങിയ ചെടികളുടെ അടുത്ത് അവൾ ഇരുന്നു. “ നാളെ എന്റെ പിറന്നാളാണ്. എനിക്ക് നിങ്ങൾ എന്ത് സമ്മാനമാണ് തരിക? ”ചെടികളെ തഴുകിക്കൊണ്ട് അവൾ ചോദിച്ചു. ‘ എനിക്ക് ഒരു പൂ തരുമോ, മുടിയിൽ ചൂടി അമ്പലത്തിൽ പോകാൻ? ’ ആരോ കുലുക്കിവിളിച്ചപ്പോഴാണ് പിറ്റേന്ന് അമ്മു ഉണർന്നത്. കണ്ണുതുറന്നപ്പോൾ അടുത്ത വീട്ടിലെ പാറു. അമ്മു അമ്പരപ്പോടെ പാറുവിനെ നോക്കി. ‘ വേഗം വാ ’ പാറു അവളെ വലിച്ചെഴുന്നേൽപിച്ചു. വാതിൽക്കൽ അമ്മയുടെ ചിരി കേട്ടു. മുറ്റത്തേക്കിറങ്ങിയപ്പോൾ അവൾ അത്ഭുതപ്പെട്ടു. സന്തോഷത്താൽ അവളുടെ കണ്ണുനിറഞ്ഞു. ഒരാൾപൊക്കത്തോളം ഉയരത്തിൽ പറക്കുന്ന ശലഭക്കൂട്ടങ്ങൾ. അവയ്ക്കുതാഴെ അവളെനോക്കി പുഞ്ചിരിക്കുന്ന പുഷ്പങ്ങൾ. മഞ്ഞ, വെള്ള, ചുവപ്പ് നിറങ്ങളിൽ അവ തലയുയർത്തി നിൽക്കുന്നു. അവളുടെ കൈകളിൽ വന്നിരുന്ന ശലഭങ്ങൾ അവൾക്ക് നന്ദി പറഞ്ഞു. മറക്കാനാവാത്ത മനോഹരമാർന്ന ആ സമ്മാനത്തെ, അവളുടെ കണ്ണുനീർത്തുള്ളികൾ പ്രതിഫലിപ്പിച്ചുകൊണ്ടിരുന്നു.



## സൗഹൃദം സാഹോദര്യം



ആര്യനന്ദ ബിജു 7C

സാഹോദര്യത്തിന്റെ മറ്റൊരു രൂപമാണ് സൗഹൃദം. കൂട്ടുകാരെ കൂടപ്പിറപ്പുകളായി കാണാൻ തുടങ്ങുമ്പോഴാണ് സൗഹൃദം മധുരമാകുന്നത്.

”എന്റെ നല്ലൊരു സുഹൃത്താണ് മിട്ടു. അവൻ എന്നെയും നല്ലൊരു കൂട്ടുകാരനായാണ് കാണുന്നത്. ഇന്ന് അവനില്ലായിരുന്നെങ്കിൽ  എന്താകുമായിരുന്നു എന്റെ അവസ്ഥ! ഇത്രയും നാൾ ഞാനവനെ എന്നിൽ നിന്നും അകറ്റിനിർത്തുകയായിരുന്നു. അവന്റെ നിറത്തെ  ഞാൻ അപമാനിച്ചു. അവന്റെ നിറം കറുപ്പാണെന്ന് പറഞ്ഞ് കൂട്ടുകാരുടെ കൂടെ ചേർന്ന് ഞാനവനെ കളിയാക്കി. അവന്റെ  കറുത്ത തൊലിയുടെയുള്ളിലുള്ള തെളിഞ്ഞ മനസ്സ് കാണാൻ ഞാനെന്തേ വൈകിപ്പോയി! ഇന്ന്  എന്നെ രക്ഷിച്ചത് അവന്റെ നല്ല മനസ്സ്! സൈക്കിളുമായി ചെളിയിൽ വീണു കിടന്ന എന്നെ രക്ഷിക്കാൻ എന്റെ കൂട്ടുകാർ മടിച്ചു നിന്നു. ചെളിയിൽ ഇറങ്ങാൻ അറച്ചുനിന്ന അവരെ തട്ടിമാറ്റി  മിട്ടു എന്നെ രക്ഷിച്ചപ്പോൾ എന്റെ കണ്ണുകൾ അറിയാതെ നിറഞ്ഞു പോയി. ഞാൻ അത്രയും അപമാനിച്ചതല്ലേ അവനെ.  അവൻ തന്നെ വേണ്ടിവന്നു എന്നെ രക്ഷിക്കാൻ. യഥാർത്ഥ സൗഹൃദം മനസ്സിലാക്കാൻ ഞാൻ എന്തേ വൈകി? ഈ ചിന്തകൾ സോനുവിന്റെ കണ്ണുകളെ അറിയാതെ ഈറനണിയിച്ചു . ഒരേ ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളാണ് മിട്ടുവും സോനുവും. മിട്ടുവിന്റെ നിറം കറുപ്പായതിനാൽ അവനെ സോനുവും കൂട്ടുകാരും അകറ്റി നിർത്തി. ’ കറുത്തവൻ, കരുമാടി’ എന്നീ പേരുകൾ വിളിച്ച് മിട്ടുവിനെ അവർ കളിയാക്കി. മിട്ടു എല്ലാം കേട്ട് സഹിച്ചിരുന്നു. അവൻ അവരോട് കൂട്ടുകൂടാൻ ചെല്ലുമായിരുന്നു. എന്നാൽ സോനു അവനെ കളിക്കാനും പഠിക്കാനും എന്തിന് കൂടെ നടക്കാൻ പോലും അനുവദിച്ചിരുന്നില്ല. മിട്ടു എല്ലാം  അവന്റെ അമ്മയോട് ചെന്ന് പറയുമായിരുന്നു. അമ്മ അവനെ സമാധാനിപ്പിച്ചുകൊണ്ട് പറയുമായിരുന്നു, ” ഒരിക്കൽ അവർ നിന്നെ മനസ്സിലാക്കും. എത്ര

അവഗണിച്ചാലും നീ അവരെ വെറുക്കരുത്. അതിലുപരി സ്നേഹിക്കണം. ” അമ്മയുടെ ഈ വാക്കുകൾ മിട്ടു അക്ഷരംപ്രതി പാലിച്ചിരുന്നു. സോനുവിനെയും കൂട്ടരേയും മിട്ടു കൂടപ്പിറപ്പുകളെ പോലെ സ്നേഹിച്ചു. ഒരു ദിവസം സോനു മിട്ടുവിനെ വികൃതരൂപത്തിൽ വരച്ച് ക്ലാസ്സിൽ പ്രദർശിപ്പിച്ചു. ഇത് മിട്ടുവിനെ വളരെയധികം സങ്കടപ്പെടുത്തി. പക്ഷേ അമ്മയുടെ വാക്കുകൾ അവന് കരുത്തേകി. ഇതെല്ലാം അവരുടെ ക്ലാസ് ടീച്ചർ കാണുമായിരുന്നു. അവർ മിട്ടുവിനെ സമാധാനപ്പെടുത്തുകയും സോനുവിനെ ഉപദേശിക്കുകയും ചെയ്യുമായിരുന്നു. പക്ഷേ സോനു അതൊന്നും ചെവിക്കൊണ്ടില്ല. മിട്ടുവിനെ അപമാനിക്കുന്നതിൽ അവൻ ഒന്നാമതായി നിന്നു. എന്നെങ്കിലും തന്നെ സോനു മനസ്സിലാക്കും എന്ന വിശ്വാസത്തിൽ മിട്ടു ഇരുന്നു. സോനുവിന്റെ കൂട്ടുകാരും അത്ര മോശമല്ലായിരുന്നു മിട്ടുവിനെ കളിയാക്കാൻ. പക്ഷേ അവർ മാറി നിന്ന് സോനുവിന്റെ കുറ്റം പറയുമായിരുന്നു. എന്നാൽ സോനു അവരെ പൂർണമായും വിശ്വസിച്ചു.

സൗഹൃദത്തിന് രണ്ട് മുഖങ്ങളുണ്ട്. നമ്മോട് സൗഹൃദം നടിക്കുന്ന വരും യഥാർത്ഥ സുഹൃത്തുക്കളും. മിട്ടുവിന്റെ മനസ്സിൽ സോനുവിനോട് യഥാർത്ഥ സൗഹൃദമാണ് ഉണ്ടായിരുന്നത്. എന്നാൽ സോനു വിശ്വസിച്ചിരുന്ന അവന്റെ കൂട്ടുകാർ അവനോട് സൗഹൃദം നടിക്കുകയാണ് ചെയ്തിരുന്നത്. സുഹൃത്തുക്കളെ മനസ്സിലാക്കാൻ നമുക്ക് കഴിയുമ്പോഴാണ് സൗഹൃദം പൂർണമാകുന്നത്.

ഒരു ദിവസം സോനു കൂട്ടുകാരുമായി പാടവരമ്പത്ത് കൂടി സൈക്കിളിൽ പോവുകയായിരുന്നു. മഴപെയ്ത് മുഴുവൻ ചെളിയായിരിക്കുന്ന സമയം. സോനുവിന്റെ സൈക്കിൾ ഓരത്തു തട്ടി ചെളിയിലേക്ക് വീണു. പാടം മുഴുവൻ ചെളിയായതുകൊണ്ട് കൂട്ടുകാർ അവനെ രക്ഷിക്കാൻ അവിടേക്ക് അടുക്കുന്നു പോലുമില്ല. സോനു ഉറക്കെ നിലവിളിച്ചു. കൂട്ടുകാർ ഓടാൻ ഒരുങ്ങി. അവനെ രക്ഷിക്കാൻ ആരുമില്ല. ആ സമയം അതുവഴി വന്ന മിട്ടു സോനുവിന്റെ നിലവിളി കേട്ടു. കൂട്ടുകാരെ തട്ടിമാറ്റി മിട്ടു പാടത്തേക്ക് ചാടി സോനുവിനെ വലിച്ചു കയറ്റി. കൂട്ടുകാരെ തട്ടിമാറ്റി സോനു  മിട്ടുവിനെ കെട്ടിപ്പിടിച്ചു. ചെളിപുരണ്ട സോനുവിനെ മിട്ടുവും കെട്ടിപ്പിടിച്ചു. അങ്ങനെ അവർ സുഹൃത്തുക്കളാവുകയാണ്. ചെളിപുരണ്ട വസ്ത്രങ്ങളും

സൈക്കിളുമായി വീട്ടിലേക്ക് പോകുന്ന സമയത്ത് സോനുവിന്റെ മനസ്സു മുഴുവൻ മിട്ടുവിനെ കുറിച്ചുള്ള ചിന്തകൾ ആയിരുന്നു.

സൗഹൃദം ഒരുതരത്തിൽ പറഞ്ഞാൽ സാഹോദര്യമാണ്. സുഹൃത്തുക്കൾ കൂടപ്പിറപ്പുകളും. സുഹൃത്തുക്കൾ പരസ്പരം മനസ്സിലാക്കുമ്പോഴാണ് സൗഹൃദത്തിന് അടിത്തറ യുണ്ടാകുന്നത്. സ്നേഹം, പിണക്കം, ദേഷ്യം, സഹായമനസ്കത എന്നിവയാണ് അതിന് ജീവൻ നൽകുന്നത്.



# MARVEL



ശ്രീ ദുർഗ്ഗ പി പ്രഭു 9B

Jeffery Odriguez ,his wife Georgina Rodriguez and their only son HarryRodriguez were leading a very happy and peaceful life . But Harry was always alone as he was the only child to Mr. and Mrs. Rodriguez . He always begged for a company .

Once they planned to go for a picnic . They proposed the matter to Harry . He was very excited as they get very less time to talk with each other because of their tight work schedule. So it was a golden opportunity to Harry . One morning they got up and packed up for their picnic . Mr.Rodiguez jumped into the car when everyone was ready . “Ahoy! Are we all set?” Mr.Rodriguez and Harry together said “ yes, we are ” . They started the trip happily, but after sometime suddenly the car stopped“uh oh!” “what will we do now ?” little Harry asked. “it’s okay, sweetheart” Georgina replied . Both Jeffery and Georgina got out of the car . Jeff started repairing the car . Little Harry noticed a chipmunk on the tree nearby and gets out of the car without his parents notice . While following the chipmunk he gets lost in the woods . A little pup comes to him. It was very hungry. Harry was very kind even though he was just 5 years old ,he offered a biscut and it ate it . Suddenly Harry became sad as he started to miss his parents . But the pup stood by his side which was a relief to him . He started to feel afraid as it was almost very dark . A snake came near him but the he pup bit it into pieces and protected the boy . Suddenly Harry started to hear his parents calling for him . He was happy and he found out his parents . They picked up the pup and pattet him . The pup was also very happy . They let Harry to keep him . He named the pup “MARVEL”as he was the savior to Harry. They went to a Hotel and took a room . They went for the picnic they next day along with a new member “MARVEL” . They enjoyed the picnic with him .



# യന്ത്ര പക്ഷികളുടെ മുരളൽ



ജയ്‌ലാൽ എസ്
എൽ പി എസ് റ്റി

ദീനരോദനങ്ങൾ മുരളൽ
 ശബ്ദത്തിൽ ഒളിച്ചു
കണ്ണുകൾ പൊടിക്കാറ്റിൽ മറഞ്ഞിരുളായി
എങ്ങലുകൾമണ്ണിൻ മാറിൽ ഉറഞ്ഞ്
പോയി..
കുരുക്കുകൾ പോൽ
ആകാശ നൗകകൾ
വിരണ്ട പക്ഷികൽ
ദിക്കുകൾ തേടി പറന്നു
നിരത്തുകൾ ചാമ്പൽ കൂനകൾ
നട്ടെല്ലുപൊട്ടി തലകൾ ചതഞ്ഞ്
ശകടങ്ങൾവഴി നീളെ .
സിമെന്റ് സൗധങ്ങൾ
ശവ കൂമ്പാരങ്ങൾ
അറ്റുപോയ കൈകൾ..
നായ്ക്കൾ കടിച്ചു വലിക്കുന്നു..തുറിച്ച
കണ്ണുകളുമായി
തെറിച്ച തലകൾ

വെളുത്ത കുപ്പായത്തിൽ
കറുത്ത ഹൃദയം
ഉറഞ്ഞ രക്തം കുഴലിലൂടെ
ഒഴുകി കൊല്ലുന്നു തലച്ചോറിനെ
അക്കലത്തെ മൂരളലിൽ
കുരുന്നു ഹൃദയം നടുങ്ങി
തുരുമ്പിച്ച കരളുകൾ
കൈപ്പുനീർ വമിക്കുന്നു
യന്ത്ര പക്ഷികൾ
തീക്കണ്ണുമായ് റാകി പറന്നു..
വിഷമുള്ളുമായി കൂറ്റൻ
തേളുകൾ-ചലിക്കുന്നിരുമ്പ് ചക്രങ്ങളിൽ
ഒരിറ്റു വെള്ളം തേടി
ഇഴയുന്ന ജന്മങ്ങൾ..
കുഴിയിലെ പന്നി പടക്കത്തിൽ
ചിതറി തെറിക്കുന്നൂ ധൂളിയായ്
വരുമൊരുനാൾ ..ബോധി തണൽ വിരിക്കും
ദിനം..
അന്ന് തലച്ചോർ
ചെവിയിൽ മന്ത്രിക്കും
എന്തിനായിരുന്നു..ഈ





# വിശപ്പിന്റെ വിളി



നിഖില ശശി
ഹെഡ്മിസ്ട്രസ്

ഒരുരുളച്ചോറു ഞാൻ നൽകീടട്ടെ
ചോറിതു ബലിച്ചോറെന്നറിഞ്ഞുകൊണ്ട് ...
ഒരുരുള ചോറു ഞാൻ നൽകീടട്ടെ
എൻ പിഞ്ചു പൈതലേ കഴിച്ചാലും
വിശപ്പിന്റെ ഭീമമാം അഗ്നി  വിഴുങ്ങുമ്പോൾ
വാടിത്തളർന്ന് കരയുമെൻ പൊന്നുണ്ണി
പേറ്റുനോവിനുള്ളിൽ നീറിപ്പുകഞ്ഞിട്ടു
മാറോടമർത്തും ഞാനെന്നും പതിവായ്
വാടിത്തളർന്നവനുറങ്ങീടുമെന്നും
ഒരുപിടി ചോറിനായി സ്വപ്നവും കണ്ട്
പാഴ്കിനാവാണെന്നറിയാതെ പിന്നെയും
നീണ്ട ദിന രാത്രങ്ങൾ പിന്നിട്ടുയെൻ
ബാലൻ
പിഞ്ചുമേനിയിയിൽ അസ്ഥികൾ
പൊങ്ങുമ്പോൾ
നേർത്ത ഭിത്തിപോൽ മൂടുന്ന പാടയും
ഒരു നുള്ളു മധുരത്തിൻ സ്മരണ
കൊണ്ടാവണം
ഒരിറ്റു നീരവൻ ചുണ്ടിൽ നുണയുന്നു
ഉമിനീരു പോലും ഉണങ്ങിയ തൊണ്ടയിൽ
ഒരിറ്റ് ജലകണം കണ്ടതോ ഭാഗ്യം
വാടിക്കരഞ്ഞയെൻ ഉണ്ണിയെ വാരി-
പ്പുണർന്നു ഞാൻ തോളിൽ കിടത്തി
നടക്കുവാനായുന്ന ലോലമാം പാദങ്ങൾ
ബലിഷ്ഠമാം തളർച്ചയെ നേരിടുന്നു.
ചുവടുകൾ മണ്ണിലുറക്കും നേരം  കാൽ -
ചുവട്ടിലെ മണ്ണും എനിക്കെതിരെ
നടന്നു ഞാനെത്തിച്ചേർന്നു മണൽ -
പ്പായ വിരിച്ചൊരു  പുഴയോരത്ത്
കണ്ടു ഞാനവിടെ കീറിയ വാഴയിലയിൽ
എള്ളു കുഴച്ചൊരുരുള ചോറ്
ആ ഒരുരുള ചോറു തിന്നീടുവാൻ
ആർത്തുവരുന്നു ബലികാക്കകൾ
ഓടിയടുത്തിട്ടൊന്നാഞ്ഞു കൈ വിശീ
ഞാൻ
പറന്നടുത്ത ബലികാക്കകളെ
ദുർബലമാമെൻ കൈ ബലം കൊണ്ടാവണം
വീണ്ടുമെനിക്കൊന്നു വിശേണ്ടി വന്നു
പിന്നെ ഞാനെടുത്തു ഒരു കുഞ്ഞുരുള
എന്നി -
ട്ടെൻ പിഞ്ചു ബാലന്റെ വായിലായ് വച്ചു
അത്യന്തമാവേശത്തോടെ നുണഞ്ഞവൻ
വൈകികിട്ടിയ ആ ഒരു പിടിച്ചോറിനെ
ആവേശത്തോടെ പറന്നടുത്ത
ബലിക്കാക്കകളെല്ലാം ചുറ്റും തന്നെ
എൻ പിഞ്ചു ബാലൻ കഴിച്ചോട്ടെ ......
ബലിക്കാക്കകളെ പൊറുത്താലും .......



# A jungle Day



രേതു റ്റി സുനിൽ 10 A

It was a sunday in our summer holiday. Me and my brother were planning a picnic . Our planning was all about enjoying with our small family. We approached our parents and had a conversation with our mother and father about our planning . They were not ready for that but they accepted it and shifted the day for picnic to next sunday . Me and my brother were planning the whole week and waiting for the sunday . After all, it was Saturday. We were so excited about the next day and were packing some snacks and searching for a comfortable dress to wear .

Sunday morning at 9:30 we got out from our house and locked it . We were so happy and father started the car and our journey began . It was about 5km from our house. Suddenly a deer jumped onto the road. It was unexpected and we were shocked . Suddenly father stopped the car and let the deer cross the road . And as we continued our journey we saw a pond ,where two children were sitting on a bridge . We jumped from the car and I ran to a beautiful spot where there was a big tree. I coudn't recognize which tree it was . We made the place comfortable to sit and I took a look at that pond and saw a white lily . I told my brother to pluck it . We got closer to the pond and we noticed that those kids were staring at as . We never paid attention to them. Then I got near the lily and plucked it . I ran back with brother towards mother and showed what we have got. She took it from me and placed on my hair . The lily on my long hair was very beautiful and I loved it. Suddenly a ball hit my head. I took a look to the direction where the ball came from and I saw that those kids were appologizing for their mistake . I just smiled and passed the ball . They invited me to play with them. I took a look at my brother and he smiled . Then we joined them and played for a long time. Then, we had our snacks and rested a little bit and decided to go back . We said goodbye to those kids. We had become thick friends with those kids within a few minitues, that we were not able to leave them behind ,but we had to.



## ഗാന്ധി സൂക്തങ്ങൾ



ഭവ്യകൃഷ്ണ റ്റി എസ് 9A

"എന്റെ ജീവിതമാണ് എന്റെ സന്ദേശം"

"അഹിംസാത്മകമായ കർമ്മങ്ങൾക്ക് പരിധിയില്ല. അവ ഒരിക്കലും പരാജയപ്പെടുകയില്ല "



"ഒരു നല്ല വീടിന് തുല്യം വെക്കാൻ ലോകത്തൊരു സ്കൂളുമില്ല. നന്മയുള്ള മാതാപിതാക്കൾക്ക് തുല്യം വെക്കാൻ ലോകത്തൊരു അധ്യാപകനുമില്ല""

"ഓരോ വിദ്യാലയവും വിശുദ്ധിയുടെ സ്ഥലമാണ്. വിശുദ്ധമല്ലാത്തതും അധമമായിട്ടുള്ളതുമായ യാതൊന്നും അവിടെ ഉണ്ടാവാൻ പാടില്ല"

"ഹിംസയിലൂടെ നേടുന്ന വിജയം വിജയമല്ല, അത് തോൽവിയാണ്. എന്തെന്നാൽ അത് വെറും നൈമിഷികം മാത്രം"

"സമൂഹനന്മ ആഗ്രഹിക്കുന്ന മനുഷ്യൻ സ്വജീവിതം അതിനു മാതൃകയാക്കണം. പറയുന്ന കാര്യങ്ങൾ ജീവിതത്തിൽ പകർത്താനും സന്നദ്ധനാവണം"

"ആദ്യം നിങ്ങളെ അവർ അവഗണിക്കും പിന്നെ പരിഹസിക്കും പുച്ഛിക്കും ഒടുവിൽ ആക്രമിക്കും. പിന്നെയായിരിക്കും നിങ്ങളുടെ വിജയം"

"തെറ്റുകൾ വരുത്താനുള്ള സ്വാതന്ത്ര്യം കൂടി ഉൾപ്പെടുമ്പോഴെ സ്വാതന്ത്ര്യത്തിന്  അതിന്റെ വിലയുണ്ടാവൂ"

"സ്വയം കണ്ടെത്താനുള്ള ഏറ്റവും നല്ല മാർഗ്ഗം മറ്റുള്ളവരുടെ സേവനത്തിൽ സ്വയം നഷ്ടപ്പെടുക എന്നതാണ്"

"സത്യമെന്നത് വെറും വാക്കല്ല. ജീവിതം മുഴുവൻ സത്യമായി തീർക്കണം"

"നിർമ്മലമായ സ്നേഹത്താൽ നേടാൻ കഴിയാത്ത ഒന്നുമില്ല"

"ദുർബലർക്ക് ഒരിക്കലും ക്ഷമിക്കാൻ കഴിയില്ല, ക്ഷമിക്കുക എന്നത് ശക്തരുടെ ഒരു ഗുണമാണ്

"സമാധാനത്തിലേക്കായി ഒരു പാതയില്ല. സമാധാനമെന്നതു തന്നെയാണ് പാത"

"എന്റെ ശരീരത്തെ നിങ്ങൾക്ക് തടവിലാക്കാം . എന്നാൽ മനസ്സിനെ ചങ്ങലയ്ക്കിടാനാവില്ല "

"ഇന്നു ചെയ്യുന്ന പ്രവൃത്തിയെ അനുസരിച്ചായിരിക്കും നമ്മുടെ ഭാവി

വിശന്ന് വലയുന്നവന്റെ ഈശ്വരൻ എന്നത് ആഹാരമാണ്"

"കണ്ണിന് കണ്ണ് എന്നാണെങ്കിൽ ലോകം അന്ധതയിലേക്ക് പോകും "

"നീ ലോകത്തിൽ കാണാനാഗ്രഹിക്കുന്ന മാറ്റം നിന്നിലാരംഭിക്കണം"

"മനസാക്ഷിയെ ബാധിക്കുന്ന പ്രശ്നങ്ങളിൽ ഭൂരിപക്ഷ നിയമത്തിന് പ്രത്യേക സ്ഥാനമൊന്നുമില്ല"

"സത്യം എന്നതാണ് എന്റെ ദൈവം. ഞാൻ ആ ദൈവത്തെ കണ്ടെത്തിയിട്ടില്ല, എന്നാൽ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു "

"സ്വന്തം വിയർപ്പുകൊണ്ട് മാത്രം അപ്പം നേടുന്നതിനാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്"

"ആദർശമില്ലാത്ത മനുഷ്യൻ വഴിതെറ്റിയ കപ്പൽ പോലെയാണ്"

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് "

"നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാകുന്നു. ചിന്തകൾ

വാക്കുകളും, വാക്കുകൾ പ്രവൃത്തികളും , പ്രവൃത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് വിധിയായി മാറുന്നത് "

"അച്ചടക്കം രണ്ട് വിധത്തിലുണ്ട് .ശാരീരികവും മാനസികവും . ഏതൊരു വ്യക്തിയുടെയും ശിക്ഷണത്തിന് ഏവ രണ്ടും അത്യന്താപേക്ഷിതമാണ്".

"സത്യത്തിന്റെ ചെടി വളർന്നു കായ്ക്കണമെങ്കിൽ അഹിംസകൊണ്ട് അതിന്റെ വേരുകൾ നനയ്ക്കണം"

"പ്രാർഥനാനിരതനായ ഒരു മനുഷ്യൻ തന്നോട് തന്നെയും ലോകത്തോടും സമാധാനം പുലർത്തുക"

"സത്യത്തിന്മേലുള്ള പിടിവിട്ടാൽ ഒരിക്കലും ഗഹനമായ അഹിംസാരഹസ്യം ഗ്രഹിക്കാനാവില്ല"

"ജീവിതം പ്രകൃതിയുടെ ദാനമാണ്. സുന്ദരമായ ജീവിതം ബുദ്ധിയുടെയും

"ദരിദ്രർക്ക് വേണ്ടി അധ്വാനിക്കുന്നതിനേക്കാൾ ഈശ്വരൻ ഇഷ്ടപ്പെടുന്ന മറ്റൊരു മാർഗ്ഗമില്ല "

"സമുദ്രത്തിലെ ഏതാനം തുള്ളികൾ മലിനമായതു കൊണ്ട് സമുദ്രജലം മുഴുവൻ മലിനമാകുന്നില്ല. മനുഷ്യനും മനുഷ്യവംശവും അതുപോലെയാണ്"

"മനുഷ്യന്റെ ആഗ്രഹം നിറവേറ്റാൻ ഭൂമിക്ക് കഴിയും . അത്യാഗ്രഹം നിറവേറ്റാൻ കഴിയില്ല"

"കർത്തവ്യ ബോധമുണ്ടാക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം "

"ശക്തിയുടെ ഉറവിടം ശരീരശേഷിയല്ല. ഇച്ഛാശക്തിയാണ്"

"അഹിംസയുടെ സജീവമായ അവസ്ഥയാണ് സ്നേഹം"

"കോപം അഗ്നി പോലെയാണ്, നാശം ഉണ്ടാക്കിയേ അത് അടങ്ങൂ ഹിംസയുടെ സൂക്ഷ്മരൂപമാണ് വിദ്വേഷം "

"നല്ല ഗ്രന്ഥം പരിധിയില്ലാത്ത നന്മയുടെ ചക്രവാളമാണ് "

"നമുക്ക് നീതി ലഭിക്കാനുള്ള എളുപ്പമാർഗ്ഗം അപരനോട് നീതി കാണിക്കുക എന്നതാണ് "

"അക്രമരാഹിത്യം വിരോധമല്ല ഒരുമയാണ് ഉണ്ടാക്കുന്നത്"

"പ്രാർത്ഥന പ്രഭാതത്തിന്റെ താക്കോലും രാത്രിയുടെ സാക്ഷിയുമാണ്"

"എന്റെ പരിമിതികളെപ്പറ്റി എനിക്കു നല്ല ബോധ്യമുണ്ട്. അതാണ് എന്റെ

ബലവും "

"ഹൃദയശുദ്ധിയിലാണ് യഥാർത്ഥ സൗന്ദര്യം സ്ഥിതി ചെയ്യുന്നത്"

"മനസ്സിന്റെയും ശരീരത്തിന്റെയും ശുദ്ധിയാണ് വിദ്യാഭ്യാസത്തിന്റെ ഒന്നാം പാഠം "

"നമ്മളറിയുന്നതിനേക്കാൾ നന്നായി നമ്മെയും നമ്മുടെ ഹൃദയത്തെയും ഈശ്വരൻ അറിയുന്നു വിത്തും മരവും പോലെ അത്യഗാധമായ ബന്ധമുണ്ട് ലക്ഷ്യവും മാർഗ്ഗവും തമ്മിൽ "

"മതങ്ങൾ അന്യോന്യം വേർതിരിക്കാനല്ല പരസ്പരം കൂട്ടിയിണക്കാനാണ്"

"സാമ്പത്തിക സമത്വം അഹിംസയിൽ അധിഷ്ഠിതമായ സ്വാതന്ത്ര്യത്തിന്റെ ആണിക്കല്ലാണിത്"

"അഹിംസ അഥവാ സ്നേഹം അതുല്യവീര്യമുള്ള അജയ്യമായ ഒരായുധമാണ്"

"നമ്മിൽ നിന്നോ പ്രപഞ്ചത്തിൽ നിന്നോ വേറിട്ടു നിൽക്കുന്ന ഒരു വ്യക്തിയല്ല ഈശ്വരൻ"

"ഏറ്റവും ഉദാത്തമായ പ്രാർത്ഥന നീതിപൂർവ്വം പ്രവർത്തിക്കുക എന്നതാണ്"

"ശാശ്വതമായ നേട്ടം കൈവരിക്കണമെങ്കിൽ നിർഭയത്വം അത്യന്താപേക്ഷിതമാണ്"

"ചിന്തയാണ് വിദ്യാഭ്യാസത്തിന്റെ കാതൽ"

"വിനയം ദ്രുതഗതിയിലുള്ള വിജയത്തിന്റെ താക്കോലാണ്"

"സേവനത്തിന്റെ പ്രതിഫലം സേവനം തന്നെയാണ്"

"ആയുധമില്ലാത്ത ആത്മശക്തിയെ നേരിടുമ്പോൾ ആയുധബലം ഹീനമാണ്"

"മാതൃഭാഷയെ സ്നേഹിക്കാത്തവന് മാതൃഭൂമിയെ സ്നേഹിക്കാനാവില്ല"

"ലളിതമായ ജീവിതം ഉയർന്ന ചിന്ത അതായിരിക്കണം നാം

ഭീരുത്വത്തേക്കാൾ നല്ലത് പൊരുതി മരിക്കലാണ്"

"എന്റെ മതം സത്യമാണ്. അതിലേക്കുള്ള വഴി അഹിംസ മാത്രവും "

"സ്നേഹവും അഹിംസയും ജീവിതത്തെ വിലയുള്ളതാക്കി തീർക്കുന്നു"

"അഹിംസ അതിന്റെ ക്രിയാത്മകമായ രൂപത്തിൽ ബോധപൂർവമായ


പീഢാനുഭവമാണ്"

"സ്വന്തം കടമ കൃത്യമായി നിർവഹിക്കാത്തവന് യാതൊരു വിധ അവകാശങ്ങളുമില്ല"

"പ്രാർത്ഥനയും ആരാധനയും ഉറവയെടുക്കുന്നത് ഹൃദയത്തിന്റെ ആഴത്തിൽ നിന്നാവണം "

"നമ്മുടെ മോക്ഷമാർഗ്ഗം കർഷകരാണ്. "

"തീയും വെള്ളവും ഫലപ്രദമായി ഉപയോഗയോഗ്യമാക്കണമെങ്കിൽ പ്രവർത്തനം നിയന്ത്രിക്കണം എന്നത് പോലെ ജനങ്ങളുടെ ഉണർവ്വിനെയും ആവേശത്തെയും അച്ചടക്കത്തിലൂടെ നിയന്ത്രിക്കണം"



# സ്കൂൾ കൗൺസിലിംങിന്റെ പ്രാധാന്യം



പ്രസീത. പി
സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർ

സ്കൂൾ കൗൺസിലിംങ് എന്നാൽ ഒരു പരിശീലനം ലഭിച്ച പ്രൊഫഷണൽ കൗൺസിലർ പിന്തുണ നൽകുകയും വ്യക്തിഗത സാമൂഹിക അക്കാദമിക മേഘലയിൽ കഴിവുകൾ പഠിപ്പിക്കുകയും നൽകുന്ന പ്രോഗ്രാമാണ്. ഒരു സ്കൂൾ കൗൺസിലർ വിദ്യാർത്ഥികളെ സാമൂഹികമായും വൈകാരിമായും സഹായിക്കുന്നു. മാറുന്ന സമൂഹത്തിൽ കുട്ടികൾക്കിടയിൽ സ്കൂൾ കൗൺസിലിംങിന്റെ പ്രാധാന്യം വർദ്ധിച്ചു വരുന്നു.

ഇന്നത്തെ കാലഘട്ടത്തിൽ വിദ്യാർത്ഥികൾക്കിടയിൽ കൗൺസിലിംങിന്റെ പ്രാധാന്യം വർദ്ധിച്ചു വരുന്നു. പഴയകാലഘട്ടത്തിൽ പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന് ജീവിച്ചിരുന്ന മനുഷ്യർക്ക് ഉത്കണ്ഠകളോ ആകുലതകളോ വൈകാരിക വൈകല്യങ്ങളോ ഉണ്ടായിരുന്നില്ല. കുടുംബവ്യവസ്ഥിതിയിൽ തന്നെ കുട്ടികൾക്കിടയിൽ വ്യക്തിത്വവികസനം ശരിയായ രീതിയിൽ തന്നെ നടന്നിരുന്നു.എന്നാൽ ഇന്നത്തെ സാഹചര്യവും കാലഘട്ടത്തിന്റെ സ്വാധീനവും വ്യത്യസ്തമാണ്.ഇന്നത്തെ അണുകുടുംബവും വ്യവസായിക യന്ത്രവൽകൃത സമൂഹവും മനുഷ്യന്റെ ജീവിതം സങ്കീർണ്ണമാക്കുന്നു. ഇത്തരത്തിൽ ഉരുത്തിരിയുന്ന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മനുഷ്യർ നന്നേ പാടുപെടുന്നു. ഇത് ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് കുട്ടികളെ തന്നെയാണ്.കാരണം കുടുംബങ്ങളിൽ നിന്നു തന്നെയാണല്ലോ ഒരു കുട്ടിയുടെ ഐഡന്റിറ്റി രൂപ്പെടുന്നത്.നമ്മുടെ വിദ്യാഭ്യാസരംഗവും വികസിച്ചു കൊണ്ടിരിക്കുകയാണല്ലോ മത്സരങ്ങൾ നിറഞ്ഞ ഇന്നത്തെ സമൂഹത്തിൽ കുട്ടികൾക്ക് അവരുടെ യഥാർത്ഥ കഴിവുകൾ കണ്ടെത്താൻ സാധിക്കുന്നുണ്ടോ എന്നതും അവരവരുടെ അഭിരുചിക്കനുസരിച്ച് കരിയർ തിരഞ്ഞെടുക്കാൻ സാധിക്കുന്നുണ്ടോ എന്നതും ചോദ്യചിഹ്നമാണ്. രക്ഷിതാക്കൾക്കിടയിലും ഇത്തരത്തിൽ

ഉത്കണ്ഠകൾ ഏറെയാണ്. പല പ്രശ്നങ്ങളെയും അഭിമുഖീകരിക്കുമ്പോഴും ഇതിന്റെ തുറന്ന പറച്ചിലുകൾക്കുള്ള ഇടം കുടുംബങ്ങളിൽ കുറവായതിനാലും കൗൺസിലിംങിന്റെ പ്രാധാന്യം വിദ്യാലയങ്ങളിൽ അത്യാവശ്യം വേണ്ട ഒന്നുതന്നെയാണ്.

രാമു ഏഴാം ക്ലാസുവരെ നല്ലരീതിയിൽ പഠിക്കുന്ന വിദ്യാർത്ഥിയായിരുന്നു.എട്ടാം ക്ലാസിലേക്ക് കടന്നതോടുകൂടി അവന്റെ പഠനത്തിലുള്ള താൽപ്പര്യം കുറയുകയും കൂടുതൽ പ്രശ്നങ്ങളിലേക്ക് നീങ്ങുന്ന ഒരു സ്വഭാവം ഉള്ളതായി തോന്നുകയും കുട്ടിയോട് സംസാരിച്ചതിലൂടെ അവനെ കേൾക്കാൻ ആരും ഉണ്ടായിരുന്നില്ല എന്നതു തന്നെയാണ്. ഇത്തരത്തിൽ കൗമാരപ്രായത്തിലേക്ക് എത്തുമ്പോൾ സമപ്രായക്കാരുടെ സ്വാധീനം വളരെയധികമാണ്. അത് നല്ലതും ചിലപ്പോൾ മോശവുമായ രീതിയിലേക്ക് കുട്ടികളെ നയിക്കാം. ഇത്തരത്തിൽ അവനുണ്ടാകുന്ന ഉത്കണ്ഠയും ആകുലതകളും തുറന്നു സംസാരിക്കുന്നതിലൂടെ ഒരു പുതിയ തലം അവനിൽ തുറന്നു കിട്ടുന്നു. കുട്ടികൾ ഒരേ രീതിയിൽ അഭിമുഖീകരിക്കുന്ന പ്രശ്നമുണ്ടാവാം . ഇത്തരത്തിൽ ഒരേ പ്രശ്നം അഭിമുഖീകരിക്കുന്ന കുട്ടികളെ കണ്ടെത്തുകയും ഗ്രൂപ്പ് കൗൺസിലിംങിലൂടെ നിരന്തരമായ follow upലൂടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുന്നു. കുട്ടികളിൽ ജീവിതനൈപുണി വിദ്യാഭ്യാസം ( Life Skill Education ) വളർത്തിയെടുക്കുന്നതിനുതകുന്ന ഗ്രൂപ്പ് ആക്ടിവിറ്റികളും വളർത്തിയെടുക്കാൻ ഒരു കൗൺസിലർക്ക് സാധിക്കും. വ്യക്തികത കൗൺസിലിംങിലൂടെയും നിരവധി ബോധവൽക്കരണ ക്ലാസുകളിലൂടെയും കുട്ടികൾക്ക് സ്വയം മനസ്സിലാക്കുന്നതിനുള്ള അവസരം ലഭിക്കുകയാണ്. ഇത്തരത്തിൽ സ്കൂൾ കൗൺസിലിംങും കൗൺസിലറും കുട്ടികൾക്കിടയിൽ വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ട്...



# വരവർണ്ണങ്ങളുടെ കൈയൊപ്പ്







വിമൽസാദ് എസ്  7A












അമൃത രജീഷ് 9A





സവിൻ സന്തോഷ് 7 D



GOVT. DVHSS
SINCE 1917
CHARAMANGALAM




# THANK YOU